# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# മാറാടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ജില്ലാ ഓഡിറ്റ് കാര്യാലയം
# എറണാകുളം-682030

## ഇ-മെയിൽ: doekm.ksad@kerala.gov.in

## ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-ഇ.കെ.എം.(പി6)1334/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 04/10/2024
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാറാടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മാറാടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറാടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-ഇ.കെ.എം.(പി6)1334/2024 തീയ്യതി: 04/10/2024

# എറണാകുളം ജില്ലയിലെ മാറാടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മാറാടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി

പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷേർളി പീറ്റർ | ഡെപ്യൂട്ടി ഡയറക്ടർ | 16-08-2024 | 27-08-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-08-2024 | 27-08-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സന്തോഷ് കുമാർ  കെ വി, ഓഡിറ്റ് ഓഫീസർ

അനിഷ ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

സന്തോഷ് കുമാർ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഒ പി ബേബി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ലിജോ ജോൺ | സെക്രട്ടറി | 01-04-2023 | 17-03-2024 |
| മനോജ് എം.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മനോജ് എം എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ഡിക്സൺ ദേവസി | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| മാക്സ് വെൽ കെ സി | അസി :എഞ്ചിനീയർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ഡോ. അമർലാൽ കെ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2023 | 18-06-2023 |
| ഡോ. കമൽജിത്ത് | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 19-06-2023 | 31-03-2024 |
| ഡോ. അഞ്ജു വി ഷൈനി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ.ദീപ്തി എം യു | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 31-03-2024 |
| ഡോ.ഷീന ജോസഫ് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| അജയൻ പി എസ് | വി.ഇ.ഒ(ഈസ്റ്റ് മാറാടി ) | 01-04-2023 | 31-03-2024 |
| ദിൽഹ ബാബു | വി.ഇ.ഒ(സൗത്ത് മാറാടി ) | 01-04-2023 | 03-04-2023 |
| അനശ്വര വി ആർ | വി.ഇ.ഒ(സൗത്ത് മാറാടി ) | 04-04-2023 | 12-12-2023 |
| ബേസിൽ ടി എൽദോസ് | വി.ഇ.ഒ(സൗത്ത് മാറാടി ) | 13-12-2023 | 20-03-2024 |
| തെരേസ ബർണാഡ് | വി.ഇ.ഒ(സൗത്ത് മാറാടി ) | 21-03-2024 | 31-03-2024 |

| | | | |
|---|---|---|---|
| ആൻസി മറിയം | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 05-06-2023 |
| ഹുമൈബാൻ  ടി ഇ | ഐ സി ഡി എസ് സൂപ്പർവൈസർ | 06-06-2023 | 31-03-2024 |
| ബിന്ദു എം എം | ഹെഡ്മിസ്ട്രസ്, ഗവ. എൽ  പി സ്കൂൾ മാറാടി | 01-04-2023 | 31-03-2024 |
| സുപ്രിയാദേവി എസ്.പി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | Excess Of Income Over Expenditure തുക കൃത്യമല്ല | 1-1-1 |
| 3 | കെ.യു.ആർ.ഡി.എഫ്.സി. ലോൺ തുക കൃത്യമല്ല | 1-1-2 |
| 4 | കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയും ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രത്തിന്റെ മൂല്യവും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ജേർണൽ വൗച്ചർ ആധികാരികമല്ല | 1-1-4 |
| 6 | എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | കേരളത്തിലെ മാലിന്യസംസ്കരണം ഹരിത കർമ്മസേനയിലൂടെ - | 1-10 |

| | | |
|---|---|---|
| | അവലോകനം | |
| 16 | തൊഴിൽ നികുതി അപാകതകൾ | 1-11 |
| 17 | FATEAOS ലൈസൻസ് ഫീസ് - അപാകതകൾ | 1-12 |
| 18 | ആധികാരികമല്ലാതെ ജേർണൽ കറക്ഷൻ എൻട്രികൾ നടത്തുന്നു | 1-13 |
| 19 | ഗ്രാമ പഞ്ചായത്തിൽ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല. | 1-14 |
| 20 | കടമുറി വാടക – അപാകതകൾ | 1-15 |
| 21 | നിക്ഷേപ പ്രവൃത്തിയുടെ അൺസ്പെന്റ് തുക രസീത് ചെയ്തതിന്റെ വിവരങ്ങൾ ലഭിച്ചില്ല | 1-16 |
| 22 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി ചെലവാക്കുന്നില്ല | 1-17 |
| 23 | നിലാവ് പദ്ധതി - വാറന്റി കാലാവധിക്കുള്ളിൽ കേടായ തെരുവ് വിളക്കുകൾ പൂർണ്ണമായും മാറ്റി ലഭിച്ചിട്ടില്ല. | 1-18 |
| 24 | ജനകീയ ഹോട്ടൽ - സർക്കാർ നിർദേശം പാലിച്ചില്ല | 1-19 |
| 25 | ജൽജീവൻ മിഷൻ പദ്ധതി - റോഡ് റെസ്റ്റോറേഷൻ ചാർജ് ലഭിച്ചില്ല | 1-20 |
| 26 | ചൂരമലത്തണ്ട് കുടിവെള്ള പദ്ധതി വിപുലീകരണം-പദ്ധതി ഇനിയും പ്രാവർത്തികമായില്ല | 1-21 |
| 27 | സ്മാർട്ട് അങ്കണവാടി നിർമ്മാണം പൂർത്തീകരിച്ചില്ല | 1-22 |
| 28 | അങ്കണവാടി മെയിന്റനൻസ് - വനിതാ ശിശുവികസന വകുപ്പിൽ നിന്നും ഗ്രാന്റ് ലഭിച്ചില്ല | 1-23 |
| 29 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-24 |
| 30 | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല - ₹ 50175/-തടസ്സപ്പെടുത്തുന്നു. | 1-25 |

| | | |
|---|---|---|
| 31 | റോഡ് പുനരുദ്ധാരണം നടപ്പാക്കിയില്ല | 1-26 |
| 32 | റോഡ് കണക്ടിവിറ്റി മാപ്പിങ്ങ്-പൂർത്തീകരണം | 1-27 |
| 33 | തൊഴിലുറപ്പ് പദ്ധതി- അപാകതകൾ | 1-28 |
| 34 | പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് അധിക വേതനം - പ്രൊജക്റ്റ് സർക്കാർ  അനുമതി ഇല്ലാതെ നടപ്പാക്കി | 1-29 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ  അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ  ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |

| | | |
|---|---|---|
| 9 | ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ  അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **30.05.2024** ലെ **1** -ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **31.05.2024** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **മാറാടി ഗ്രാമ**പഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2024** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ

മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u> അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **മാറാടി** ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

.

സ്ഥലം : എറണാകുളം
തീയതി: 04.10.2024 ഡെപ്യൂട്ടി ഡയറക്ടർ

## <u>1-1-1 Excess Of Income Over Expenditure തുക കൃത്യമല്ല</u>

Gross Surplus / (Deficit) Of Income Over Expenditure Before Prior Period Items കണക്കാക്കുന്നതിന് Prior Period Income (-19) ₹1,23,369/- ആകെ ചെലവിൽ ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ, Gross Surplus / (Deficit) Of Income Over Expenditure After Prior Period Items കണക്കാക്കിയപ്പോൾ Prior Period Income തുക വീണ്ടും ക്രമീകരിച്ചിട്ടുണ്ട്. ആയതിനാൽ, Excess Of Income Over Expenditure (310900101) തുകയിൽ ₹1,23,369/-ന്റെ വ്യത്യാസമുണ്ട്.

## 1-1-2 കെ.യു.ആർ.ഡി.എഫ്.സി. ലോൺ തുക കൃത്യമല്ല

S0231/24, S0234/24, S0237/24 എന്നീ ജി.ഒ. പ്രോജക്ടുകൾ പ്രകാരം വികസനഫണ്ടിൽ (എസ് സി പി) നിന്നും കെയുആർഡിഎഫ് രണ്ടാം ഗഡു ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവായി ₹2,95,095/-(98,365x3) ഉദ്ഭവത്തിൽ കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ, അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം എന്ന ശീർഷകത്തിലാണ് I-14(A)(251170101) ഉദ്ഭവത്തിൽ കുറവ് ചെയ്ത തുക അക്കൗണ്ട് ചെയ്തത്. ആയതിനാൽ, B5 ഷെഡ്യൂൾ പ്രകാരം കെ.യു.ആർ.ഡി.എഫ്.സി. ലോണിന്റെ 31.03.2024ലെ തിരിച്ചടക്കാൻ ബാക്കിയുള്ള തുകയിൽ 2,95,095/- വ്യത്യാസമുണ്ട്.

## 1-1-3 കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയും ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രത്തിന്റെ മൂല്യവും പൊരുത്തപ്പെടുന്നില്ല

അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് – ഡെപ്പോസിറ്റ് വിത്ത് കേരള വാട്ടർ അതോറിറ്റി (460500201) എന്ന അക്കൗണ്ടിംഗ് ഹെഡ് പ്രകാരം 31.03.2023 വരെ വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിക്ക് ₹10,52,187/- മുൻകൂർ നൽകിയിട്ടുണ്ട്. തൻവർഷം കേരള വാട്ടർ അതോറിറ്റിക്ക് അഡ്വാൻസ് നൽകിയിട്ടില്ല. എന്നാൽ, ₹9,91,871/- ജേർണൽ വൗച്ചർ കറക്ഷൻ മുഖേന പ്രസ്തുത അഡ്വാൻസ് ഹെഡിൽ നിന്നും ആസ്തിയിലേക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ, ₹22,32,000/-ന്റെ വിനിയോഗ സാക്ഷ്യപത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. മുൻബാക്കിയും, ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിന്റെ മൂല്യവും പൊരുത്തപ്പെടുന്നില്ല.

## 1-1-4 ജേർണൽ വൗച്ചർ ആധികാരികമല്ല

പെർമിറ്റ് ഫീസിനത്തിൽ ലഭിച്ച ₹15,432/- ജേർണൽ വൗച്ചർ മുഖേന നോൺ-റെസിഡെൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി ശീർഷകത്തിലേക്ക് ഡെബിറ്റ് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഏത് രസീത് പ്രകാരമാണ് പെർമിറ്റ് ഫീസിനത്തിൽ ലഭിച്ച ₹15,432/- ഡെബിറ്റ് ചെയ്ത് നോൺ-റെസിഡെൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതി വരവായി ചേർത്തിരിക്കുന്നത് എന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 1-1-5 എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ ( കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്) ) ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

മാറാടി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 02.03.2023 ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. 07.02.2024ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം റിവൈസ് ചെയ്ത ബജറ്റിന്റെ വിവരം താഴെ ചേർക്കുന്നു

| | |
|---|---:|
| മുന്നിരുപ്പ് | ₹34,65,975.00 |
| വരവ് | ₹16,03,05,595.00 |
| ആകെ | ₹16,37,71,570.00 |
| ചെലവ് | ₹15,80,29,578.00 |
| നീക്കിയിരുപ്പ് | ₹57,41,992.00 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹81,37,206.73 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹3,05,10,157.00 |
| ആകെ | : | **₹3,86,47,363.73** |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹3,10,51,152.00 |
| നീക്കിയിരുപ്പ് | : | ₹75,96,211.73 |

ഓഡിറ്റ് വർഷത്തെ ആകെ വരവ്, ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരംവരവ് | ആകെ | ചെലവ് | ബാങ്ക് നീക്കിയിരുപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 1,20,65,000 | 1,20,65,000 | 1,09,93,459 | - | 10,71,541 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 0 | 29,25,000 | 29,25,000 | 24,13,616 | - | 5,11,384 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 85,000 | 85,000 | 85,000 | - | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 89,08,650 | 89,08,650 | 74,86,534 | - | 14,22,116 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 0 | 28,24,000 | 28,24,000 | 28,24,000 | - | 0 |
| സി.എഫ്.സി – ബേസിക്ക് | 33,094 | 20,09,863 | 20,42,957 | 19,98,000 | 44,957 | - |
| സി.എഫ്.സി – ടൈഡ് | 0 | 14,98,500 | 14,98,500 | 14,98,500 | 0 | - |
| ലൈഫ് സ്റ്റേറ്റ് ഷെയർ (320100160) | 0 | 36,00,000 | 36,00,000 | 32,60,000 | 3,40,000 | - |
| ടോട്ടൽ സാനിട്ടേഷൻ കാമ്പെയ്ൻ (320100181) | 6,61,506 | 0 | 6,61,506 | 0 | 6,61,506 | - |
| പശ്ചിമഘട്ട വികസന പദ്ധതി (320100186) | 10,025 | 0 | 10,025 | 0 | 10,025 | - |
| ലൈബ്രറി ഗ്രാന്റ് (320100194) | 13,610 | 0 | 13,610 | 0 | 13,610 | - |
| ഐ.സി.ഡി.എസ്. (320100196) | 8,52,199 | 8,10,541 | 16,62,740 | 5,23,614 | 11,39,126 | - |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് (320100192) | 0 | 1,00,000 | 1,00,000 | 0 | 1,00,000 | - |
| സാക്ഷരത | 379 | 0 | 379 | 0 | 379 | - |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് (320100197) | | | | | | |
| ശുചിത്വമിഷൻ ഗ്രാന്റ് (320100198) | 11,56,158 | 0 | 11,56,158 | 10,62,852 | 93,306 | - |
| മികച്ച ഗ്രാമപഞ്ചായത്ത് അവാർഡ് – ജില്ലാതലം ((320100200) | 5,00,000 | 0 | 5,00,000 | 0 | 5,00,000 | - |
| ഹെൽത്ത് ഡയഗ്നോസ്റ്റിക് ഗ്രാന്റ് (320100202) | 2,468 | 7,21,626 | 7,24,094 | 1,20,607 | 6,03,487 | - |
| ഹെൽത്ത് ഗ്രാന്റ് വെൽനെസ് (320100204) | 1,322 | 3,15,474 | 3,16,796 | 52,170 | 2,64,626 | - |
| എൻഎച്ച്എം (320200399) | 1,58,835 | 0 | 1,58,835 | 0 | 1,58,835 | - |
| ടോട്ടൽ സാനിട്ടേഷൻ (320300103) | 96,697 | 0 | 96,697 | 0 | 96,697 | - |

*കുറിപ്പ്:*

1) വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹14,61,527/- ഉൾപ്പെടുന്നുണ്ട്.

2) വികസന ഫണ്ട് ജനറൽ ഗ്രാന്റ് ചെലവ്, ₹ 1,07,49,259/- റവന്യൂ ചെലവ്, ₹5,32,514, മൂലധന ചെലവ് ₹536125/- ക്യൂ ബിൽ എന്നിവ ഉൾപ്പെടുന്നതാണ്.

3) വികസന ഫണ്ട് എസ്.സി.പി. വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ്

ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹2,95,095/-ഉൾപ്പെടുന്നുണ്ട്.

4) സി.എഫ്.സി. അൺടൈഡ് ഗ്രാന്റ് വരവിൽ ₹ 11,863/- ബാങ്ക് പലിശ ഉൾപ്പെടുന്നതാണ്.

5) സി.എഫ്.സി. അൺടൈഡ് ഗ്രാന്റ് ചെലവ് ₹17,74,690/- റവന്യു ചെലവും ₹2,23,310/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

6) സി.എഫ്.സി.ടൈഡ് ഗ്രാന്റ് ചെലവ് ₹ 14,06,445/- റവന്യൂ ചെലവും ₹92,055/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 206 | ₹7,61,24,604 | ₹4,19,23,583 | 100 | 50 | 56 | 48.54% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | ₹9 | ₹2,29,749 | ₹2,29,758 | ₹2,29,742 | ₹16 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | ₹1,51,76,128 | ₹1,51,76,128 | ₹1,51,76,128 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | **₹9** | **₹1,54,05,877** | **₹1,54,05,886** | **₹1,54,05,870** | **₹16** |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകത്തൊഴിലാളി പെൻഷൻ | ₹16,83,600/- | 145 |
| വിധവാപെൻഷൻ | ₹59,70,200/- | 537 |
| വാർദ്ധക്യകാല പെൻഷൻ | ₹1,46,41,000/- | 1402 |
| വികലാംഗപെൻഷൻ | ₹16,29,100/- | 142 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹3,61,600/- | 34 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | ₹60,000/- | 2 |

.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ്

ബാലൻസ് പരിശോധന 23.08.2024തീയതിയിൽ വൈകിട്ട് 4 മണിക്ക് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ ₹10,301/- ന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും, ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

**പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല :**

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മേണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ ഒന്നിലും തന്നെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിങ്ങിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിങ്ങ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

**ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ- കാര്യക്ഷമമല്ല.**

ഗ്രാമപഞ്ചായത്തിന്റെ 1998-99 മുതൽക്കുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. പഞ്ചായത്തിന് ലഭിക്കുന്ന

വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കപ്പെടാത്തതിനാലാണ് ഇത്രയധികം ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള അഭ്യന്തര നിയന്ത്രണ ഉപാധികളായ ഈ ചട്ടം പഞ്ചായത്ത് പാലിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

<u>അക്കൗണ്ടിംഗ് സംവിധാനം</u>

ജി.ഒ. പ്രോജക്ട്, ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ നിക്ഷേപത്തുക, വസ്തുനികുതി എന്നിവയുമായി ബന്ധപ്പെട്ട ജേർണൽ വൗച്ചറുകൾ ആധികാരികമല്ല.

<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

ലോൺ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമവും കുറ്റമറ്റതുമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-10 കേരളത്തിലെ മാലിന്യസംസ്കരണം ഹരിത കർമ്മസേനയിലൂടെ -</u>

## അവലോകനം

കേരള പഞ്ചായത്ത് രാജ് നിയമം 166 (1)-ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കേരള സർക്കാർ നടപ്പാക്കുന്ന ഹരിത കേരള മിഷൻ പദ്ധതിയുടെ ഭാഗമായി 2017 ഒക്ടോബർ മാസത്തിലാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേനാ രൂപീകരണം നടന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ - മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന ഈ സംഘടനാ സംവിധാനം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനം നിശ്ചയിച്ച യൂസർഫീ വാങ്ങി പ്രധാനമായും അജൈവ മാലിന്യത്തിന്റെയും ജൈവ മാലിന്യത്തിന്റെയും വാതിൽപ്പടി ശേഖരണം നടത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവമാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറലും പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന വിധത്തിൽ പ്രവർത്തിച്ച് കേരളത്തെ മാലിന്യ മുക്തമാക്കുകയെന്നതാണ് ഹരിതകർമ്മസേനയുടെലക്ഷ്യം. തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന.

മാറാടി ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിത കർമ്മസേനയുടെ

പ്രവർത്തനങ്ങളെയും, ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ സംസ്കരണ സംവിധാനത്തെയും സംബന്ധിച്ച് 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. പരിശോധനഫലമായുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

**ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ**

| | |
|---|---|
| ഗ്രാമ പഞ്ചായത്തിന്റെ പേര് | മാറാടി |
| വാർഡുകൾ | 13 |
| ജനസംഖ്യ | 15543 |
| ആൾ താമസമുള്ള വീടുകളുടെ എണ്ണം | 3906 |
| പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 294 |
| ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം | 26 |
| ഹരിതകർമ്മസേന മാലിന്യം ശേഖരിക്കുന്ന വീടുകളുടെ എണ്ണം | 3906 |
| ഹരിതകർമ്മസേന മാലിന്യം ശേഖരിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 294 |

**ഹരിത കർമ സേന പ്രവർത്തനങ്ങൾ**

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020ലെ ജി.ഒ.(ആർ.ടി.)1496/2020 നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിത കർമ സേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്ക്കരണ മേഖലയിൽ വലിയമാറ്റമാണ് വരുത്തിയിട്ടുള്ളത്. 26 ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നു. ഹരിതമിത്രം ആപ്പ് മുഖേന മാലിന്യ ശേഖരണത്തിൽ സാങ്കേതിക വിദ്യയുടെ വിന്യാസവും സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. യൂസർഫീ

കാർഡ് മുഖേന വീടുകളിൽനിന്നും 50/- രൂപ, സ്ഥാപനങ്ങളിൽ നിന്നും 100/- രൂപ എന്ന നിരക്കിൽ യൂസർ ഫീ ഈടാക്കി വരുന്നു. അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണമാണ് നടപ്പിലാക്കിയിരിക്കുന്നത്.

**<u>മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി</u>**

ഹരിത കർമ്മ സേനയുടെ പ്രവർത്തനഫലമായി മികച്ച രീതിയിൽ മാലിന്യ ശേഖരണം നടത്തിവരുന്നു, പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള 13 മിനി എംസിഎഫുകളിലേക്ക് ശേഖരിച്ച മാലിന്യം എത്തിക്കുകയും അവിടെ നിന്നും വാർഡ് 13 കണ്ടംചിറയിൽ സ്ഥാപിച്ചിട്ടുള്ള മെയിൻ എംസിഎഫിൽ എത്തിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. വിവിധ വാർഡുകളിൽ സ്ഥാപിച്ചിരിക്കുന്ന മിനി എം.സി.എഫുകളിൽ നിന്നും യഥാസമയം മാലിന്യം നീക്കം ചെയ്യുന്നുണ്ട്.

**<u>അടിസ്ഥാന സൗകര്യങ്ങൾ</u>**

ഏകദേശം 3000 ചതുരശ്ര അടി വലുപ്പമുള്ള എം.സി.എഫ് ആണുള്ളത്. ഇതിൽ 65% വരുന്ന ഏരിയ സ്റ്റോറേജായും, 25% ഏരിയ സോർട്ടിംഗിനായും, 10% ഏരിയ ടിപ്പിംഗിനായും ഉപയോഗിച്ചുവരുന്നു. കൂടാതെ ശുചിമുറി സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സെഗ്രഗേഷൻ ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾക്ക് സോർട്ടിംഗ് ടേബിൾ സജ്ജമാക്കിയിട്ടുണ്ട്. മാലിന്യം നീക്കം ചെയ്യുന്നതിന് ഒരു ഡീസൽ ആപ്പെ ഉപയോഗിക്കുന്നു. എം.സി.എഫിൽ ഫയർ ഓഡിറ്റ് നടത്തി അഗ്നി സുരക്ഷാ പ്രവർത്തനങ്ങൾ പൂർണ്ണമായും ഉറപ്പാക്കിയിട്ടുണ്ട്.

**<u>ശുചിത്വ മാനദണ്ഡങ്ങൾ</u>**

മാലിന്യങ്ങൾ അലക്ഷ്യമായി കൂട്ടിയിടാതെ സ്റ്റോറേജ് ഏരിയയിൽ മാത്രം

സൂക്ഷിച്ചിട്ടുണ്ട്. മാലിന്യം തിരയുന്നതിനായി സേനാംഗങ്ങൾക്ക് രണ്ട് തരം ഗ്ലൗസുകളും, റെയിൻ കോട്ടും, ഷൂവും വിതരണം ചെയ്തിട്ടുണ്ട്.

**<u>മാലിന്യ ശേഖരണ കലണ്ടർ</u>**

| ഇനം | ശേഖരിക്കുന്ന മാസം |
|---|---|
| പ്ലാസ്റ്റിക്, പേപ്പർ, കാർഡ് ബോഡ്, മറ്റ് സ്ക്രാപ്പ് തുടങ്ങിയവ | എല്ലാ മാസവും |
| തുണിമാലിന്യം, കുപ്പി, കുപ്പിച്ചില്ല്, ചെരുപ്പ്, ബാഗ് തുടങ്ങിയവ | ജനുവരി, ജൂൺ, ഡിസംബർ |
| ഇ മാലിന്യങ്ങൾ, ബാറ്ററി തുടങ്ങിയവ | മാർച്ച്, ജൂൺ, സെപ്റ്റംബർ, ഡിസംബർ |

**<u>മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ</u>**

മാലിന്യ ശേഖരണത്തിനുള്ള കലണ്ടർ പ്രകാരമാണ് മാലിന്യങ്ങൾ ശേഖരിക്കുന്നത്. മാലിന്യം നീക്കം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം ഫലപ്രദമാണ്. ഹരിതമിത്രം ആപ്പ് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. നിലവിൽ ഹരിതമിത്രം ആപ്പിൽ 97% എന്റോൾമെന്റും, 82% സബ്സ്ക്രിപ്ഷനും, പൂർത്തിയായിട്ടുണ്ട്. ഇരുപത് മുതൽ മുപ്പത്തിയൊന്ന് വരെയുള്ള ദിവസങ്ങളിലാണ് വീടുകളിലെയും സ്ഥാപനങ്ങളിലേയും കളക്ഷന് നിശ്ചയിച്ചിരിക്കുന്നത്.

**യൂസർഫീ വിവരങ്ങൾ**

2023-24 വർഷം ക്ലീൻ കേരള കമ്പനിക്ക് 8.17 ടൺ തരം തിരിച്ച മാലിന്യവും 8.3 ടൺ ലെഗസി വേസ്റ്റും കൈമാറിയതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഓഡിറ്റ് വർഷം യൂസർഫീ ഇനത്തിൽ 17,54,312/- രൂപയും, ഹരിത ചട്ട ലംഘനങ്ങളുടെ പിഴ ഈടാക്കിയ ഇനത്തിൽ 2,12,000/- രൂപയും, അനധികൃത ഫ്ലെക്സ് സ്ഥാപിച്ചതിന്റെ പിഴയായി 6,500/- രൂപയും ഈടാക്കിയിട്ടുണ്ട്. ഹരിത കർമ സേനയുടെ പ്രവർത്തനം സ്വീകരിക്കാൻ വിമുഖത കാട്ടുന്നവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള സേവനം നിയന്ത്രിക്കുന്നത് അടക്കമുള്ള നടപടികളിലൂടെ മാലിന്യ സംസ്ക്കരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും പങ്കാളിത്തം ഉറപ്പ് വരുത്താനും കഴിഞ്ഞിട്ടുണ്ട്.

**തൊഴിൽ സൃഷ്ടിക്കൽ**

2023-24 സാമ്പത്തിക വർഷത്തിൽ 130 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. യൂസർ ഫീ ആയി ലഭ്യമാകുന്ന വാർഡ് അടിസ്ഥാനത്തിലുള്ള തുക അംഗങ്ങൾക്കിടയിൽ തുല്യമായി വീതിക്കുകയും പത്ത് ശതമാനം കൺസോർഷ്യത്തിന്റ പ്രവർത്തനങ്ങൾക്കായി കോർപ്പസ് ഫണ്ടിലേക്ക് നീക്കിവെക്കണമെന്ന നിർദ്ദേശം നടപ്പിലാക്കുകയും ചെയ്തുവരുന്നു. ശരാശരി 6350/-രൂപയ്ക്ക് മുകളിൽ ഉള്ള തുക അംഗങ്ങൾക്ക് വരുമാനമായി ലഭിക്കുന്നുണ്ട്.

**ഹരിതകർമ്മസേന റിവ്യു മീറ്റിംഗ്**

ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, സെക്രട്ടറി, നോഡൽ ഓഫീസർ അസി. സെക്രട്ടറി, വി.ഇ.ഒ എന്നിവർ ഉൾപ്പെടുന്ന സംഘം എല്ലാ മാസവും റിവ്യു മീറ്റിംഗ് നടത്തുന്നുണ്ട്. മാലിന്യ നിർമാർജ്ജന സ്കാഡ്

പ്രവർത്തനങ്ങൾ,യൂസർ ഫീ കളക്ഷൻ അവലോകനം, ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തൽ എന്നീകാര്യങ്ങൾ റിവ്യു മീറ്റിംഗിൽ ഉൾപ്പെടുത്തിവരുന്നു.

**പാരിസ്ഥിതിക ആഘാതം**

പൊതു സ്ഥലത്ത് മാലിന്യം വലിച്ചെറിഞ്ഞതായി ഫോൺ മുഖാന്തരം പരാതി ലഭിച്ചതിനെ തുടർന്ന് വിവിധ സ്ഥലങ്ങളിൽ പരിശോധന നടത്തി ഹരിതചട്ട ലംഘനങ്ങളുടെ പിഴ ഇനത്തിൽ 2,12,000/- രൂപ ലഭിക്കുകയും, ടി വ്യക്തികൾ/ സ്ഥാപനങ്ങൾക്ക് കർശന താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്.

**പരിശീലനവും വികസനവും**

ഫെബ്രുവരി 2024 ന് ഹരിതസേനാ അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാല നടത്തുകയും, കൂടാതെ എല്ലാ മാസവുമുള്ള റിവ്യൂ മിറ്റിംഗിൽ ബന്ധപ്പെട്ട എച്ച്.ഐ. മാർ ആരോഗ്യകാര്യങ്ങളിലുള്ള ബോധവൽകരണവും നടത്തിവരുന്നു.

**പൊതു നിർദ്ദേശങ്ങൾ**

അനുകരണീയവും, അഭിനന്ദനാർഹവുമായ രീതിയിലാണ് ഹരിതകർമ്മസേന പഞ്ചായത്തിൽ മാലിന്യനിർമ്മാർജന പ്രവർത്തനങ്ങൾ നടത്തുന്നത്. പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കാൻ ഏതാനും നിർദ്ദേശങ്ങൾ ചേർക്കുന്നു.

1. ഹരിതമിത്രം ആപ്പ് പൂർണ്ണസജ്ജമാക്കി യൂസർ ഫീ പിരിവ് 100 ശതമാനത്തിലേക്കെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ

കർശനമാക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി അപാകതകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ 2023-24 ലെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് നിലവില്ലില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ ആദ്യത്തെ പേജിൽ തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ വിവരം ക്രമ നമ്പർ പ്രകാരം ചേർക്കുകയാണ് ചെയ്യുന്നത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്റെ മറുപടിയിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് തയ്യാറാക്കുന്നതാണ് എന്നാണറിയിച്ചിട്ടുള്ളത്. തുടർ നടപടി വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

2023-24 സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 56 മരാമത്ത്

പ്രവൃത്തികൾക്കായി 11 കരാറുകാരുമായി കരാറിലേർപ്പെട്ടിട്ടുള്ളതാണ്. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള ചുവടെ ചേർത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് 24.08.2024 ലെ 20-ാം നമ്പർ അന്വേഷണ കുറിപ്പിന്റെ മറുപടിയിൽ വ്യക്തമാകുന്നു.

| ക്രമ നം. | കരാറുകാരുടെ പേര് |
|---|---|
| 1 | എൽദോസ് ഫിലിപ്പ് |
| 2 | സുരേഷ് കുമാർ പി ജി |
| 3 | സജി ഒ.എം. |
| 4 | ജോർജ് കുട്ടി കെ.എം. |
| 5 | ബേബി പി.കെ. |
| 6 | രാജൻ കെ.ജി. |
| 7 | പ്രിൻസ് എം.പി. |

മേൽ പട്ടികയിൽ വിവരിച്ച 07 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-12 FATEAOS ലൈസൻസ് ഫീസ് - അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2023-24 വർഷത്തിൽ ലൈസൻസ് അനുവദിച്ചതിന്റെ ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. പഞ്ചായത്തിലെ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം 13 വാർഡുകളിലായി

വാണിജ്യാവശ്യത്തിനുള്ളതും മറ്റും 1228 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ച് നികുതി ഈടാക്കുന്നുണ്ട്. എന്നാൽ 2023-24 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 367 എണ്ണം മാത്രമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്റെ (നം.17/24.08.2024) മറുപടിയിൽ ചില സ്ഥാപനങ്ങൾ ഒന്നിലധികം കെട്ടിട നമ്പരുകളിലായി വരുന്നതിനാലാണ് ലൈസൻസ് എണ്ണത്തിൽ വ്യത്യാസം ഉണ്ടാവുന്നത് എന്നും ആയതിനാൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സംബന്ധിച്ച് വാർഡ്തല പരിശോധന നടത്തേണ്ടതും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തി തുടർ നടപടി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

2. ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് സ്ലാബുകൾ നിശ്ചയിക്കേണ്ടതാണ്.

മാറാടി ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ GO(P)No.80/2017/LSGD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് നിരക്കുകൾ 25.09.2018 തീയതിയിലെ സാധാരണ യോഗത്തിലെ 3-ാം നമ്പർ തീരുമാനപ്രകാരം നിശ്ചയിച്ചിട്ടുള്ളത് ചുവടെ ചേർക്കുന്നു.

(1) മൈക്രോ എന്റർപ്രൈസസ് കുറഞ്ഞ ലൈസൻസ് ഫീസ് 300/- രൂപ, കുറഞ്ഞ തൊഴിൽ നികുതി 360/- രൂപ, കൂടിയ ലൈസൻസ് ഫീസ് 500/- രൂപ, കൂടിയ തൊഴിൽ

നികുതി 2000/- രൂപ

(2) മിനി എന്റർപ്രൈസസ് ലൈസൻസ് ഫീസ് 1000/- രൂപ, തൊഴിൽ നികുതി 2500/- രൂപ

(3) സ്മോൾ എന്റർപ്രൈസസ് ലൈസൻസ് ഫീസ് 5000/- രൂപ, തൊഴിൽ നികുതി 2500/- രൂപ

(4) മീഡിയം എന്റർപ്രൈസസ് ലൈസൻസ് ഫീസ് 10000/- രൂപ തൊഴിൽ നികുതി 2500/- രൂപ

(5) ലാർജ്ജ് എന്റർപ്രൈസസ് ലൈസൻസ് ഫീസ് 15000/- രൂപ, തൊഴിൽ നികുതി 2500/- രൂപ

നിലവിൽ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങൾക്കും ആയതിന് സമാനമായ പുതിയ സ്ഥാപനങ്ങൾക്കും ലൈസൻസ് ഫീസിൽ വരുന്ന കുറവ് OTHER FEE ഇനത്തിൽ വകകൊള്ളിച്ച് സംരംഭകർക്ക് വർദ്ധനവ് അനുഭവപ്പെടാത്ത രീതിയിൽ വാങ്ങുന്നതിനും പുനർനിർണ്ണയിച്ച് തീരുമാനിച്ചിട്ടുള്ളതാണ്.

എന്നാൽ മൈക്രോ എന്റർപ്രൈസസ് ഗണത്തിന് ലൈസൻസ് ഫീസ് നിശ്ചയിച്ചതിൽ മൂലധന നിക്ഷേപതുകകളുടെ സ്ലാബുകളായി ഫീസ് തിരിക്കുന്നതിന് പകരം "കുറഞ്ഞ ലൈസൻസ് ഫീസ്, കൂടിയ ലൈസൻസ് ഫീസ്" എന്നിങ്ങനെയാണ് തരം തിരിച്ചിട്ടുള്ളത്. ആയതിനാൽ കുറഞ്ഞ ലൈസൻസ് ഫീസ് നിരക്ക് നൽകുന്ന സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം പരമാവധി എത്ര വരെയാണെന്ന് വ്യക്തമല്ല. കൂടാതെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളിൽ നിന്നും വിവിധ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതായും

കാണുന്നു. ആയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ഉദാഹരണ സഹിതം നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ലഭ്യമായ മറുപടിയിൽ ഉദാഹരണത്തിൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും നിലവിലെ വരുമാന സ്ഥിതി പരിഗണിച്ച് മൂലധന അടിസ്ഥാനത്തിൽ വാങ്ങേണ്ട തുകയേക്കാൾ കൂടുതലുള്ള തുകയാണ് നിലവിൽ ഈടാക്കിയിട്ടുള്ളത് എന്ന് അറിയിച്ചു. അടുത്ത പഞ്ചായത്ത് കമ്മിറ്റി അജണ്ടയിൽ ഉൾപ്പെടുത്തി മുലധന നിക്ഷേപപരിധി സ്ലാബുകളായി നിശ്ചയിച്ച് ഫീസ് ഈടാക്കുന്നതാണ് എന്ന് വിവരിക്കുന്നു. ആയത് സംബന്ധിച്ച് തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

3. ലൈസൻസ് അപേക്ഷയെക്കുറിച്ചുള്ള അന്വേഷണറിപ്പോർട്ട് സെക്ഷൻ ക്ലാർക്ക്/ സൂപ്രണ്ട് എന്നിവരുടെ അഭിപ്രായം, സെക്രട്ടറിയുടെ തീരുമാനം, പ്രത്യേക നിബന്ധനകൾ വല്ലതുമുണ്ടെങ്കിൽ അവ, എന്നീ വിവരങ്ങൾ രേഖപ്പെടുത്തലുകൾ ലൈസൻസ് അപേക്ഷകളിൽ ഇല്ലാത്തതായി കാണുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് നൽകിയ നം.17/24.08.2024 അന്വേഷണകുറിപ്പിന്റെ മറുപടിയിൽ ലൈസൻസ് അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ മുഖേനയാണെന്നും മേൽ ആവശ്യപ്പെട്ട വിവരങ്ങൾ ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയറിൽ ചേർക്കുന്നുണ്ടെന്നുമാണ് വിശദീകരിച്ചത്. എന്നാൽ ടി വിവരങ്ങൾ പൂർണമായും പ്രസ്തത സോഫ്റ്റ്‌വെയറിൽ കണ്ടെത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. മികവുറ്റ സാങ്കേതിക വിദ്യകൾ ഗ്രമപഞ്ചായത്ത് പ്രവർത്തനങ്ങൾക്ക് സഹായകരമാണെന്നിരിക്കേ ആയതിന്റെ സുതാര്യത ഉറപ്പ് വരുത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ആധികാരികമല്ലാതെ ജേർണൽ കറക്ഷൻ എൻട്രികൾ നടത്തുന്നു

മാറാടി ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അക്കൗണ്ട് ഹെഡുകളിൽ ജേർണൽ കറക്ഷൻ നടത്തിയിട്ടുണ്ട്.

1. വാർഷിക ധനകാര്യ പത്രികയിലെ RP-4 (Fees & User Charges (R)) ഷെഡ്യൂളിൽ പെർമിറ്റ് ഫീസ് ഇനത്തിൽ തൻവർഷം ആകെ 2,335,101.00 രൂപയാണ് (ശീർഷകം 140120101 ൽ) രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ ലെഡ്ജർ റിപ്പോർട്ട് പരിശോധിച്ചതിൽ ഈ ഹെഡിലെ ആകെ വരവ് 23,50,533/-രൂപയാണ്. ഈ തുകയിൽ നിന്ന് ജേർണൽ എൻട്രി മുഖേന മാറ്റിയ 15432/-രൂപ കിഴിച്ചുള്ള തുകയാണ് റസീപ്റ്റ് & പേയ്മെന്റ് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളത്. ലഭിച്ച തുക മുഴുവനും R&P യിൽ രേഖപ്പെടുത്താത്തതിന്റെ കാരണം വ്യക്തമല്ല. 31.03.2024 തീയതിയിൽ (വൗച്ചർ നമ്പർ 42301197) 15,432.00രൂപ ജേർണൽ വൗച്ചർ(Receivables For Property Tax On Non-Residential Buildings (Current) - JV For Head Correction ) പ്രകാരം ഡെബിറ്റ് ചെയ്തിട്ടുള്ളതാണ്. ടി തുക നോൺ-റെസിഡെൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതി ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്തിട്ടുമുണ്ട്. ഈ തുക ഇപ്രകാരം ജേർണൽ എൻട്രി ഇട്ടതിന് വിശദീകരണം നൽകേണ്ടതാണ്.

2. വസ്തുനികുതിയുടെ അക്കൗണ്ട് ഹെഡിലും (റെസിഡൻഷ്യൽ 431100101), നോൺ-റെസിഡെൻഷ്യൽ (431100103) ജേർണൽ വൗച്ചർ മുഖേന ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | Head | V.No | Dr | Cr |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വസ്തുനികുതി - നോൺ-റെസിഡെൻഷ്യൽ(ശീർഷകം 431100103 ) | | | | |
| 1 | Receivables For Property Tax On Residential Buildings(Current)<br>.Narration - JV For Head Correction | 42301195 | | 80,457.00 |
| 2 | Receivables For Property Tax On Residential Buildings(Current) | 42301196 | | 2,689.00 |
| 3 | Permit Fee For Construction Of Buildings | 42301197 | | 15,432.00 |
| 4 | State Govt. Cesses/ Levies In Property Taxes - Control Account | 42301198 | | 137,174.00 |
| 5 | Property Tax On Non-Residential Buildings | 42301200 | 2,763,689.00 | |
| 6 | State Govt. Cesses/ Levies In Property Taxes - Control Account | 42301200 | 138,184.00 | |
| 7 | Advance Collection Of Revenues - Property Tax On Non-Residential Buildings | 42301203 | | 3,091.00 |
| വസ്തുനികുതി - റെസിഡൻഷ്യൽ(ശീർഷകം 431100101) | | | | |
| 1 | Receivables For Property Tax On Non-Residential Buildings (Current) | 42301195 | 80,457.00 | |
| 2 | Receivables For Property Tax On Non-Residential Buildings (Current) | 42301196 | 2,689.00 | |
| 3 | State Govt. Cesses/ Levies In Property Taxes - Control Account | 42301198 | | 95,264.00 |
| 4 | Property Tax On Residential Buildings | 42301199 | 1,908,886.00 | |
| 5 | State Govt. Cesses/ Levies In Property Taxes - Control Account | 42301199 | 95,444.00 | |
| 6 | Advance Collection Of Revenues - Property Tax On Residential Buildings | 42301202 | | 639.00 |

മേൽ സൂചിപ്പിച്ച അക്കൗണ്ട് ഹെഡുകളിൽ ജേർണൽ വൗച്ചർ മുഖേന ക്രമീകരണങ്ങൾ നടത്തിയതിന്റെ അടിസ്ഥാനം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 14/23.08.24) ഐ.കെ.എമ്മിന്റെ സോഫ്റ്റ്‌വെയറിൽ വന്ന തകരാറ് മൂലം വസ്തുനികുതി റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ കളക്ഷൻ പരസ്പരം മാറിയിട്ടുണ്ടെന്നും, ആയത് പരിഹരിക്കാനാണ് ജേർണൽ കറക്ഷൻ നടത്തിയതെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ, പെർമിറ്റ് ഫീസിൽ നിന്നും വസ്തുനികുതിയിലേക്ക് തുക മാറ്റിയതിന് വിശദീകരണം നൽകിയിട്ടില്ല. ആയതിനാൽ, 2023-24 വർഷത്തെ അക്കൗണ്ട്സിൽ നടത്തിയിട്ടുള്ള ജേർണൽ കറക്ഷൻ എൻട്രികളുടെ ആധികാരികത ഗ്രാമപഞ്ചായത്ത് പരിശോധിക്കേണ്ടതാണ്. കൂടാതെ ഇപ്രകാരം ആധികാരികമല്ലാതെ ജേർണൽ കറക്ഷൻ എൻട്രികൾ നടത്തുമ്പോൾ വരവിനങ്ങളുടെ ഡിമാന്റിൽ കുറവുണ്ടാകുന്നുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്. തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**<u>1-14 ഗ്രാമ പഞ്ചായത്തിൽ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല.</u>**

കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21 പ്രകാരം ഗ്രാമപഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിൽ മേൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള

റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്കചയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിൻമേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. എന്നാൽ ഗ്രാമപഞ്ചായത്തിൽ ചട്ടപ്രകാരമുള്ള പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ലഭ്യമായ മറുപടിയിൽ ഗ്രാമ പഞ്ചായത്തിൽ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നതിനുള്ള ജീവനക്കാർ കുറവായതിനാലാണ് നിലവിൽ സാധിക്കാതിരുന്നത് എന്നും വരും വർഷങ്ങളിൽ ആയത് നടത്തുന്നതിന് ശ്രമിക്കുന്നതാണ് എന്നും വിവരിക്കുന്നു. വരുമാനം മെച്ചപ്പെടുത്തുന്നതിനായും വരുമാന ചോർച്ച ഉണ്ടാകുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായും വരും വർഷങ്ങളിൽ ഗ്രാമ പഞ്ചായത്തിൽ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് സംബന്ധിച്ച സാധ്യതകൾ പരിശോധിച്ച് ആയത് നടത്തുന്നതിനായി തുടർ നടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-15 കടമുറി വാടക – അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2023-24 ഓഡിറ്റിന്റെ ഭാഗമായി വാടക വരവ് പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ 9-ാം വാർഡിലെ എസ്.സി വർക്ക് ഷെഡിന്റെ വാടകയിനത്തിൽ മുൻ വർഷങ്ങളിലേത് ഉൾപ്പെടെ 630205/- രൂപ വാടകകുടിശ്ശിക ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുണ്ടായിരുന്നതായി വ്യക്തമാകുന്നു. ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരൻ | കെട്ടിട നം./ പ്രതിമാസ വാടക | വാടക കുടിശിക | | |
|---|---|---|---|---|---|
| | | | മുൻവർഷം വരെ | 2021-22 | ആകെ |
| 1 | ചിത്തനിഷ്ഠൻ സി കെ | IX/123(4/230A)/ 2056/- | 106319 | 24672 | 130991 |
| 2 | സി സി തങ്കപ്പൻ | IX/124(4/230B) 2056/- | 104709 | 24672 | 129381 |
| 3 | അയ്യപ്പൻ തകിടിപ്പുറത്ത് | IX/125(4/230C) 2106/- | 62851 | 23166 | 86017 |
| 4 | അരുൺകുമാർ റ്റി ആർ | IX/126(4/230E) 1341/- | 43522 | 16092 | 59614 |
| 5 | റ്റി എൻ കുഞ്ഞുമോൻ | IX/127(4/230F) 1946/- | 91034 | 23352 | 114386 |
| 6 | സി സി നാരായണൻ | IX/128(4/230G) 1723/- | 89140 | 20676 | 109816 |
| **ആകെ** | | | **497575/-** | **132630/-** | **630205/-** |

മേൽ സൂചിപ്പിച്ച വാടകക്കാർ 25.02.2016ൽ നടന്ന ലേലത്തിൽ ടി മുറികൾ 2016-17 വർഷത്തേക്ക് വാടകക്ക് ഏറ്റെടുത്തിട്ടുള്ളതാണ്. എന്നാൽ, തുടർച്ചയായി വാടക കുടിശ്ശിക വരുത്തുകയും, നിലവിലുള്ള നിയമാനുസൃത കാലാവധിക്ക് ശേഷവും കരാർ പുതുക്കാതെ മുറികൾ അനധികൃതമായി കൈവശം വെയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ കരാർ പ്രകാരം മുറികളുടെ വൈദ്യുതി ചാർജ് അടക്കാൻ ബാധ്യസ്ഥരായ വാടകക്കാർ വൈദ്യുതി ചാർജ് കുടിശ്ശിക വരുത്തിയതിനാൽ കെ.എസ്.ഇ.ബി കെട്ടിടത്തിന്റെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയും ചെയ്തിട്ടുള്ളതും ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06.03.19ലെ 3(1)-ാം നമ്പർ തീരുമാനം പ്രകാരം വാടക കുടിശ്ശിക ഈടാക്കുന്നതിനും, കെട്ടിടം ഒഴിപ്പിക്കുന്നതിനും Kerala Public Building Eviction Of

Unauthorised Occupants Act, വകുപ്പ് 4 പ്രകാരമുള്ള നോട്ടീസ് കുടിശ്ശികക്കാർക്ക് 30.4.2019 തീയതിയിൽ നൽകുകയും ചെയ്തിട്ടുള്ളതാണ്. ഇതിനെതിരെ കുടിശ്ശികക്കാരിലൊരാളായ സി.സി. തങ്കപ്പൻ കേരള പട്ടിക ജാതി/പട്ടിക വർഗ്ഗ കമ്മീഷനെ സമീപിക്കുകയും, തുടർന്ന് നടന്ന 19.07.2019ലെ അദാലത്തിൽ ഗ്രാമപഞ്ചായത്ത് കമ്മീഷനെ വിവരങ്ങൾ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. പട്ടിക ജാതി/പട്ടിക വർഗ്ഗ കമ്മീഷന്റെ ഉത്തരവ് നമ്പർ 3161/ B1/2019 /Ekm/KSC&ST തീയതി 19.7.2019 പ്രകാരം ഒരു മാസത്തിനകം പഞ്ചായത്ത് കറന്റ് കണക്ഷൻ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും കണക്ഷൻ ലഭ്യമാകുന്ന മുറക്ക് വാടക സ്വീകരിക്കുവാനും മുൻ വാടക കുടിശ്ശിക ഗഡുക്കളായി അടക്കുവാൻ അവസരം നൽകുവാനും പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി പരാതി തീർപ്പ് കൽപ്പിച്ച് ഉത്തരവായിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തിൽ Prior Peroid Income -Rent From Buildings ഇനത്തിൽ ₹4,97,575/- എഴുതിത്തള്ളിയിട്ടുണ്ട് (ഹെഡ് കോഡ് -280200101). ടി വിഷയം സംബന്ധിച്ച് 2021-22 ഓഡിറ്റ് റിപ്പോർട്ടിൽ (നമ്പർ: കെ.എസ്.എ).ഇ.കെ.എം.(പി14)-299/23) സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കാതെ ₹4,97,575/- വാടകയിനത്തിൽ എഴുതിത്തള്ളിയത് ശരിയായ നടപടിയല്ല എന്നും അപാകതകൾ പരിഹരിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിരുന്നിട്ടും 2022-23, 2023-24 വർഷങ്ങളിലും വാടക കുടിശ്ശിക (ബാലൻഷീറ്റ് ബി15 ഷെഡ്യൂൾ) പൂജ്യമായി തുടരുന്നു. 18.05.2023 ൽ ടി വിഷയം സംബന്ധിച്ച് ബഹു. ജോയിന്റ് ഡയറക്ടർ(തദ്ദേശ സ്വയംഭരണ വകുപ്പ്)ക്ക് നൽകിയ കത്തിൽ ബഹു. പട്ടികജാതി പട്ടികവർ ഗോത്ര കമ്മീഷൻ ഉത്തരവ് പ്രകാരം വാടക കുടിശ്ശിക ഗഡുക്കളായി അടവാക്കുന്ന ശ്രീ

അയ്യപ്പൻ തകിടിപ്പുറത്ത് എന്നയാളുടെ വാടക കിഴിച്ച് ബാക്കി കുടിശ്ശിക ₹4,34,724/- ഒഴിവാക്കി നൽകുന്നതിനുള്ള സർക്കാർ അനുമതിയ്ക്കായി അപേക്ഷ സമർപ്പിക്കുന്നതിന് 21.03.2023 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിട്ടുള്ളതായും(തീരുമാനം നമ്പർ13(1)) വിവരിക്കുന്നു. സർക്കാർ അനുമതി നിലവിലും ലഭ്യമാകാതിരുന്നിട്ടും വാടകയിനത്തിൽ മുൻവർഷ കുടിശ്ശികയില്ലാത്തതായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനും ബഹു. പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര കമ്മീഷൻ ഉത്തരവ് പ്രകാരം വാടക കുടിശ്ശിക ഗഡുക്കളായി അടവാക്കുന്ന ശ്രീ അയ്യപ്പൻ തകിടിപ്പുറത്ത് എന്നയാളുടെ ആകെ കുടിശ്ശികയായ ₹62,851/- (4,97,575 - 4,34,724) യിൽ നിലവിൽ അടവാക്കിയിട്ടുള്ള കുടിശ്ശിക തുക വിവരങ്ങൾ, ടി തുകയുടെ വരവ് വാർഷിക ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്തിട്ടുള്ളതിന്റെ വിവരങ്ങൾ (രസീത് പകർപ്പുകൾ ഉൾപ്പടെ) രേഖമൂലം ഹാജരാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.19/24.08.2024)ലഭ്യമായ മറുപടിയിൽ മുൻവർഷ വാടക കുടിശ്ശിക വാർഷിക ധനകാര്യപത്രികയിൽ ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ശ്രീ അയ്യപ്പൻ തകിടിപ്പുറത്ത് എന്നയാൾ ഗഡുക്കളായി അടവാക്കിയ കുടിശ്ശിക തുക വിവരങ്ങൾ (രസീത് പകർപ്പുകൾ ഉൾപ്പടെ) സമർപ്പിക്കുന്നു എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മറുപടിയിൽ ലഭ്യമായ 16 ഗഡുക്കളായി അടവാക്കിയ തുക വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | രസീത് നമ്പർ / തീയതി | തുക (₹) | തുക അടവാക്കിയ ഹെഡ് കോഡ് |
|---|---|---|---|
| 1 | 121010102764/18.01.2022 | 15,000 | ലഭ്യമല്ല. |
| 2 | 121010103894/07.03.2022 | 2,487 | ലഭ്യമല്ല. |
| 3 | 1220100002/04.04.2022 | 2,487 | 431400102 |

| | | | |
|---|---|---|---|
| 4 | 1220100258/05.05.2022 | 2,487 | 431400102 |
| 5 | 1220100548/06.06.2022 | 2,487 | 431400102 |
| 6 | 1220100767/07.07.2022 | 2,487 | 431400102 |
| 7 | 1220100976/05.08.2022 | 2,487 | 431400102 |
| 8 | 1220101193/05.09.2022 | 2,487 | 431400199 |
| 9 | 1220105495/29.03.2023 | 2,487 | 431400199 |
| 10 | 1220102031/07.11.2022 | 2,487 | 431400199 |
| 11 | 1220102471/12.12.2022 | 2,487 | 431400199 |
| 12 | 1220103350/09.01.2023 | 2,487 | 130800199 |
| 13 | 1220103926/15.02.2023 | 2,211 | 431400101 |
| 14 | 1220104884/09.03.2023 | 2,487 | 130800199 |
| 15 | 1230100430/30.05.2023 | 2,487 | ലഭ്യമല്ല. |
| 16 | 1230300197/17.08.2023 | 2,487 | ലഭ്യമല്ല. |
| 17 | 1230304479/31.03.2024 | 19,896 | ലഭ്യമല്ല. |
| 18 | 1220103927/15.02.2023 | 2487 | 130800199 |
| 19 | 1220103350/09.01.2023 | 2487 | 130800199 |
| ആകെ | | 76,899 | |

മേൽ പട്ടികയിൽ ക്രമ നം. 1, 2, 15, 16, 17 എന്നീ രസീതുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ഹാജരാക്കിയ രസീതുകളിൽ തുക അടവാക്കിയ ഹെഡ് കോഡ് പ്രധാനമായും രേഖപ്പെടുത്തിയിട്ടുള്ളത് 431400102,431400199,431400101,130800199 എന്നിങ്ങനെയാണ്. ഹെഡ് കോഡുകളുടെ ലെഡ്ജർ വിവരങ്ങൾ ഐ.എൽ.ജി.എം.എസ്. ൽ പരിശോധിച്ചതിൽ തുക രസീത് ചെയ്ത് വരവ് രേഖപ്പെടുത്തി ജേർണൽ വൗച്ചർ ചെയ്ത് Prior Peroid Income -Rent From Buildings ഇനത്തിലേക്കും തൻവർഷ വരവായി മാറ്റുകയും കുടിശ്ശിക തുക പൂജ്യമായി നിലനിർത്തുകയും ചെയ്യുന്നു. ആയതിനാൽ

വാടകയിനത്തിൽ ലഭ്യമായ വരവ് വിവരങ്ങൾ അവ്യക്തമായി തുടരുന്നു.
വാടക കുടിശ്ശിക തുകകൾ, തൻവർഷ വരവ് തുകകൾ സംബന്ധിച്ച അപാകതകൾ പരിഹരിച്ച് മേൽ പട്ടികയിൽ വിവരിച്ചതും ഓഡിറ്റിന് ലഭ്യമാക്കാത്തതുമായ എല്ലാ രസീത് വിവരങ്ങളും ആയതിന്റെ പകർപ്പുകളും വിശദീകരണ സഹിതം ലഭ്യമാക്കേണ്ടതാണ്. തനത് വരുമാനം അക്കൗണ്ട് ചെയ്യുന്നതിൽ ഗുരുതര വീഴ്ച്ച ഉണ്ടായിട്ടുണ്ടോ എന്ന് ഗ്രാമപഞ്ചായത്ത് പരിശോധിക്കേണ്ടതാണ്. തനതുവരുമാന കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്യാതിരുന്ന വിവരം ഭരണസമിതിയുടെയും, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധ ടി വിഷയത്തിലേക്ക് ക്ഷണിക്കുന്നു. .

## 1-16 നിക്ഷേപ പ്രവൃത്തിയുടെ അൺസ്പെന്റ് തുക രസീത് ചെയ്തതിന്റെ വിവരങ്ങൾ ലഭിച്ചില്ല

വിവിധ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 10,22,000/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ പ്രകാരം 923021/-രൂപ ചെലവായിട്ടുണ്ട്. ഇതിൻ പ്രകാരം 98979/-രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. എന്നാൽ ഈ തുക തിരികെ ലഭിച്ചതിന്റെ രസീത് വിവരങ്ങൾ ലഭ്യമായില്ല. ബാക്കി 98979/-രൂപ അൺ-സ്പെന്റ് തുകയായി ബാക്കിയുണ്ട്. വിശദവിവരം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | യുസി നമ്പർ/ തീയ്യതി | പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക (₹) | തുക വിനിയോഗിച്ച വർഷം | വിനിയോഗിച്ച തുക (₹) | വിനിയോ ഗിക്കാത്ത തുക (₹) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | എ2-41223/2021 /08.12.2023 | വടകര മണ്ണത്തൂർ റോഡിൽ പൈപ്പ് ലൈലിൻ ദീർഘിപ്പിക്കൽ | 163000 | 2023 | 155759 | 7241 |
| 2 | എ2-2634/2022 /08.12.2023 | കാക്കാലംപാറ വടകര റോഡിൽ പൈപ്പ് ലൈലിൻ ദീർഘിപ്പിക്കൽ | 330000 | 2023 | 250330 | 79670 |
| 3 | എ2-43612/2021 /08.12.2023 | മങ്ങംപാറ, കാക്കുചിറ കോളനിയിൽ പൈപ്പ് ലൈലിൻ ദീർഘിപ്പിക്കൽ | 279000 | 2023 | 277039 | 1961 |
| 4 | എ2-4941/2021 /08.12.2023 | വിവി)ധ വാർഡുകളിൽ പൈപ്പ് ലൈലിൻ ദീർഘിപ്പിക്കൽ | 250000 | 2023 | 239893 | 10107 |
| ആകെ | | | 1022000 | | 923021 | 98979 |

വിനിയോഗിക്കാത്ത തുകയായ ₹98979/- ലഭ്യമായതിന്റെ രസീത് വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 23/27.08.24) മറുപടി ലഭിച്ചില്ല. ആയതിനാൽ, കേരള വാട്ടർ അതോറ്റിയിൽ നിന്നും അൺസ്പെന്റ് തുക ലഭിച്ചതിന്റെ രസീത് വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-17 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി ചെലവാക്കുന്നില്ല

2022-23 വാർഷികധനകാര്യപത്രികയിലെ B4 ഷെഡ്യൂൾ പ്രകാരം ചെലവാക്കാതെ അവശേഷിച്ചിരുന്ന ചില ഗ്രാന്റുകൾ 2023-24 വാർഷികധനകാര്യപത്രികയിലെ B4 ഷെഡ്യൂളിലും ചെലവാക്കാതെ നീക്കിയിരുപ്പായി കാണിച്ചിട്ടുണ്ട്. 2021-22 ലോ, അതിന്റെ മുൻവർഷങ്ങളിലോ ലഭിച്ച പ്രസ്തുത ഗ്രാന്റുകൾ 2023-24 വർഷത്തിലും പ്രോജക്ട് തയ്യാറാക്കി വിനിയോഗിച്ചിട്ടില്ല. ഗ്രാന്റിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | അക്കൗണ്ട് ഹെഡ് | ഗ്രാന്റ് | തുക |
|---|---|---|---|
| 1 | 320100181 | ടോട്ടൽ സാനിറ്റേഷൻ കാമ്പെയിൻ | ₹6,61,506/- |
| 2 | 320100186 | പശ്ചിമഘട്ട വികസന പദ്ധതി | ₹10,025/- |
| 3 | 320100194 | സാക്ഷരത ഗ്രാന്റ് | ₹13,610/- |
| 4 | 320100200 | മികച്ച ഗ്രാമപഞ്ചായത്ത് അവാർഡ്- ജില്ലാതലം | ₹5,00,000/- |
| 5 | 320300103 | ടോട്ടൽ സാനിറ്റേഷൻ | ₹96,697/- |

മേൽ സൂചിപ്പിച്ച ഗ്രാന്റുകൾ പ്രോജക്ട് തയ്യാറാക്കി വിനിയോഗിക്കാത്തതിനും, പദ്ധതികൾക്കായി ചെലവഴിച്ച ശേഷമുള്ള ബാക്കി തുകയാണെങ്കിൽ ഗ്രാന്റ് ലഭ്യമാക്കിയ സ്ഥാപനത്തിനോ/ബന്ധപ്പെട്ട അക്കൗണ്ട് ഹെഡിലേക്കോ തിരിച്ചടക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 13/23.08.24) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകൾ പ്രോജക്ടുകൾ തയ്യാറാക്കി വിനിയോഗിക്കുന്നതാണെന്ന് മറുപടി നൻകിയിട്ടുണ്ട്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ പ്രോജക്ടുകൾ തയ്യാറാക്കി സമയബന്ധിതമായി ചെലവാക്കേണ്ടതാണ്.

**<u>1-18 നിലാവ് പദ്ധതി - വാറന്റി കാലാവധിക്കുള്ളിൽ കേടായ തെരുവ് വിളക്കുകൾ പൂർണ്ണമായും മാറ്റി ലഭിച്ചിട്ടില്ല.</u>**

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 56/24, നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ച തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ആകെ അടങ്കൽ | ₹ 50000/- |
| ആകെ ചെലവ് | ₹ 12168/- (തനത് ഫണ്ട്) |
| വൗച്ചർ നമ്പർ | 2230114/7-3-24 |
| ടി.ആർ.എൻ. നമ്പർ | CT00BYJGV2 |

നിലാവ് പദ്ധതിയുടെ ഭാഗമായി മാറാടി പഞ്ചായത്തിൽ ആകെ 500 തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. 18 വാട്ടിന്റെ 300 വിളക്കുകളും 35 വാട്ടിന്റെ 200 വിളക്കുകളുമാണ് സ്ഥാപിച്ചിട്ടുള്ളത്. 2021-2022 സാമ്പത്തിക വർഷത്തിലാണ് ഇവ സ്ഥാപിച്ചത്. സ.ഉ.(കൈ)നം.202/2020/ ത.സ്വ.ഭ.വ തീയതി, 25/12/2020 പ്രകാരം ഏഴു

വർഷമാണ് നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ച തെരുവ് വിളക്കുകളുടെ വാറന്റി കാലാവധി. കെ.എസ്.ഇ.ബി. ആണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. 125 തെരുവ് വിളക്കുകളാണ് നാളിതുവരെ തകരാറിലായിട്ടുള്ളത്. ഇത് സംബന്ധിച്ച പരാതി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതായി പ്രൊജക്റ്റ് ഫയൽ, നിലാവ് പോർട്ടൽ എന്നിവ പരിശോധിച്ചതിൽ നിന്ന് ബോധ്യപ്പെടുന്നു. ഇവയിൽ 36 എണ്ണം മാറ്റി നൽകിയിട്ടുണ്ട്. ബാക്കിയുള്ള 89 തെരുവ് വിളക്കുകൾ കെ.എസ്.ഇ.ബി. യിൽ നിന്ന് മാറ്റി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവ് വിളക്ക് പോലുള്ള അവശ്യസേവനങ്ങളെക്കുറിച്ചുള്ള പരാതികൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കേണ്ടതാണ്.

## 1-19 ജനകീയ ഹോട്ടൽ - സർക്കാർ നിർദേശം പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | S0048/24, ജനകീയ ഹോട്ടൽ |
| അടങ്കൽ | 67,424/- (വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | ₹67,424/- |
| വൗച്ചർ നമ്പർ, തീയതി | 42301248/16-08-2023 – ₹17,924/-<br>42301258/12.09.2023 – ₹22,500/-<br>42301330/08.12.2023 – ₹13,500/-<br>42301452/24.03.2024 – ₹13,500/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ സൂചിപ്പിച്ച പ്രോജക്ടിൽ ജനകീയ ഹോട്ടലിന് വേണ്ടി ആഞ്ഞിലിവീട്ടിൽ വെസെൽസ്, കോതമംഗലം എന്ന സ്ഥാപനത്തിൽ നിന്നും ₹67,424/- (ഇൻവോയ്സ് നം.

B3606/11.08.2023) ചെലവഴിച്ച് പാചക ഉപകരണങ്ങൾ (പാത്രങ്ങൾ, സ്റ്റൗ, ജ്യൂസർ) വാങ്ങിയിട്ടുണ്ട്. കൂടാതെ, ₹49,500/- ജനകീയ ഹോട്ടലിന്റെ വാടകയും നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 06.03.2020ലെ സ. ഉ. (കൈ) നം. 45/2020 ഉത്തരവ് പ്രകാരം കെട്ടിടത്തിൽ വെള്ളം, വെളിച്ചം, ശുചിത്വസൗകര്യങ്ങൾ, ഫർണ്ണിച്ചർ, കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ എന്നിവ മാത്രമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരുക്കേണ്ടത്. പാചക പാത്രങ്ങൾ, ഭക്ഷണ വിതരണ പാത്രങ്ങൾ, ഗ്ലാസുകൾ, ഉപകരണങ്ങൾ എന്നിവ കുടുംബശ്രീ ലഭ്യമാക്കേണ്ടതാണ്. എന്നാൽ, മേൽ പ്രോജക്ടിൽ സർക്കാർ നിർദേശത്തിന് വിരുദ്ധമായി പാചക ഉപകരണങ്ങൾ ഗ്രാമപഞ്ചായത്തിന്റെ പ്ലാൻഫണ്ടിൽ നിന്നും വാങ്ങി നൽകുകയാണ് ചെയ്തത്.

. ജനകീയ ഹോട്ടലിന് ആവശ്യമായ പാചകപാത്രങ്ങൾ, ഭക്ഷണവിതരണ പാത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ ഗ്രാമപഞ്ചായത്തിന്റെ പ്ലാൻഫണ്ടിൽ നിന്നും വാങ്ങി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 01/19.08.24) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.02.2021 ലെ സ. ഉ. (സാധാ.) 522/2021 നമ്പർ ഉത്തരവ് പ്രകാരം സ്ഥലസൗകര്യം കുറവുള്ള സ്ഥലങ്ങളിൽ അടിസ്ഥാനസൗകര്യം വർധിപ്പിക്കുന്നതിന് പ്ലാൻ ഫണ്ടിൽ നിന്നും, തനതുഫണ്ടിൽ നിന്നും ഡിപിസി അംഗീകാരത്തിന് വിധേയമായി തുക അനുവദിക്കാവുന്നതാണെന്നും, നിലവിൽ കുടുംബശ്രീ സംരംഭമായ ജനകീയ ഹോട്ടൽ വളരെ പരിമിതമായ സ്ഥല സൗകര്യത്തിലാണ് പ്രവർത്തിക്കുന്നതെന്നും മറുപടി നൽകിയിട്ടുണ്ട്. മറുപടിയിൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരം ജനകീയ ഹോട്ടലിന്റെ അടിസ്ഥാനസൗകര്യ വികസനം, വെള്ളം, വെളിച്ചം,

ശുചിത്വസൗകര്യങ്ങൾ, ഫർണ്ണിച്ചർ, കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കല്ലാതെ ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നോ, തനതുഫണ്ടിൽ നിന്നോ പാചകപാത്രങ്ങൾ, ഭക്ഷണവിതരണ പാത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകുന്നതിന് നിർദേശിച്ചിട്ടില്ല. ഇതേ ആവശ്യത്തിന് കുടുംബശ്രീ ജില്ലാ മിഷനിൽ നിന്ന് ജനകീയ ഹോട്ടലിന് ഫണ്ട് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. തുടർ വർഷങ്ങളിൽ പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിച്ച് തുക ചെലവഴിക്കേണ്ടതാണ്.

**1-20 ജൽജീവൻ മിഷൻ പദ്ധതി - റോഡ് റെസ്റ്റോറേഷൻ ചാർജ് ലഭിച്ചില്ല**

പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ജൽജീവൻ മിഷൻ അംഗീകൃത നിർവ്വഹണ സഹായ ഏജൻസി (മാറാടി പഞ്ചായത്തിൽ രാജീവ് യൂത്ത് ഫൗണ്ടേഷൻ), വാട്ടർ അതോറിറ്റി, പഞ്ചായത്ത്, ജില്ലാ കുടിവെള്ള ശുചിത്വമിഷനുകൾ എന്നിവർ ചേർന്ന് ചതുർകക്ഷി കരാറിലേർപ്പെടുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 27-8-2021 ഡി.ഡി.പി-ഇകെഎം-1870/2020 കത്ത് പ്രകാരം നിർദ്ദേശിക്കപ്പെട്ടിരുന്നു. ഇതു പ്രകാരം കരാറിലേർപ്പെട്ടതായി ഫയലിൽ നിന്ന് ബോധ്യപ്പെടുന്നു. പദ്ധതി പ്രകാരം എത്ര കുടിവെള്ള കണക്ഷനുകൾ പഞ്ചായത്ത് പരിധിയിൽ അനുവദിക്കപ്പെട്ടിട്ടുണ്ട്, പ്രവൃത്തിയുടെ ഭാഗമായി തകർന്ന റോഡുകളുടെ റെസ്റ്റോറേഷൻ ചാർജ് പഞ്ചായത്തിന് ലഭ്യമായിട്ടുണ്ടോ എന്നീ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 11 തീയതി 22-8-2024) നല്കിയിരുന്നു. റെസ്റ്റോറേഷൻ ചാർജിനുള്ള പ്രൊവിഷൻ അടക്കമുള്ള എസ്റ്റിമേറ്റാണ് ജൽജീവൻ മിഷൻ കുടിവെള്ള പദ്ധതിക്കായി തയ്യാറാക്കിയിരുന്നതെന്ന് ഫയലിൽ നിന്ന്

ബോധ്യപ്പെടുന്നു. ജൽജീവൻ മിഷൻ പദ്ധതിക്ക് വേണ്ടി റോഡുകൾ മുറിച്ച് പ്രവൃത്തി ചെയ്യേണ്ടിവന്നതിനാൽ തകർന്ന പഞ്ചായത്ത് റോഡുകൾ 2023-24 വർഷം വാർഷിക പദ്ധതിപ്രകാരം പുനരുദ്ധരിക്കപ്പെട്ടതായി കമ്മിറ്റി രേഖകളിൽ നിന്ന് ബോധ്യപ്പെടുന്നു. എത്ര റോഡുകൾ ഇത്തരത്തിൽ പുനരുദ്ധരിച്ചിട്ടുണ്ടെന്നും ആയതിന് എത്ര തുക ചെലവായിട്ടുണ്ടെന്നും അറിയിക്കേണ്ടതാണെന്ന് കൂടി ഓഡിറ്റ് എൻക്വയറിയിൽ സൂചിപ്പിച്ചിരുന്നു. റോഡ് റെസ്റ്റോറേഷൻ, വർക്ക് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും കരാർ ഏറ്റെടുത്ത സ്ഥാപനം സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കേണ്ടതാണെന്ന് ജൽജീവൻ മിഷൻ പ്രൊജക്റ്റ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് മുഖേന അഭ്യർഥിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിരിക്കുന്നു. അതിനാൽ പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 14 പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണപ്രവൃത്തികൾ നടത്തിയിട്ടുള്ളതാണെന്നും മറുപടിയിൽ അറിയിച്ചിരിക്കുന്നു. റെസ്റ്റോറേഷൻ ചാർജ് അടക്കമുള്ള എസ്റ്റിമേറ്റാണ് ജൽജീവൻ മിഷൻ തയ്യാറാക്കിയതെന്ന് ഫയലിൽ നിന്ന് വ്യക്തമാകുന്നതിനാൽ, കരാറുകാരന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കേണ്ട ചുമതല ഗ്രാമപഞ്ചായത്തിനില്ല. ആയതിനാൽ വാർഷിക പദ്ധതിയിൽ നിന്ന് ഈയിനത്തിൽ ചെലവഴിച്ച തുക തിരികെ ലഭിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. വാട്ടർ അതോറിറ്റിയിൽ നിന്ന് റോഡ് റെസ്റ്റോറേഷൻ ചാർജ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 ചൂരമലത്തണ്ട് കുടിവെള്ള പദ്ധതി വിപുലീകരണം-പദ്ധതി ഇനിയും

<u>പ്രാവർത്തികമായില്ല</u>

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 106/24, ചൂരമലത്തണ്ട് കുടിവെള്ള പദ്ധതി വിപുലീകരണം |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 4,60,000/-കേന്ദ്ര ധനകാര്യകമ്മീഷൻ അവാർഡ്<br>4,368 /- തനത് ഫണ്ട് |
| ചെലവ് | 4,14,000/-കേന്ദ്ര ധനകാര്യകമ്മീഷൻ അവാർഡ്<br>4,368/-തനത് ഫണ്ട് |
| ബിൽ നം | എ.സി.ആർ.ബിൽ നം. 423/20-3-2024, 414000/- (കേന്ദ്ര ധനകാര്യകമ്മീഷൻ അവാർഡ്)<br>വൗച്ചർ നം.-22301138/12-3-2024, 4368/-(തനത് ഫണ്ട്) |

ചൂരമലത്തണ്ട് പ്രദേശവാസികൾക്ക് കുടിവെള്ള വിതരണം സുഗമമാക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. മേൽ പ്രോജക്ട് പ്രകാരം പ്രദേശത്തെ കുടുംബങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനായി 1204 മീറ്റർ നീളത്തിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ളതാണ്. എന്നാൽ പദ്ധതി പുർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമായിട്ടില്ല. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.22/24.08.2024) മറുപടിയിൽ, മുവ്വാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിൽ എം എൽ എ-യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും നടപ്പിലാക്കിയ ചൂരമലത്തണ്ട് കുടിവെള്ള പദ്ധതിയുടെ നിർവഹണം നടന്നുവരുന്നതായും ഫണ്ടിന്റെ അപര്യാപ്തത മൂലം പ്രദേശത്തെ എല്ലാ

ഗുണഭോക്താക്കൾക്കും കുടിവെള്ളം ലഭിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം സപ്ലൈ ലൈൻ സ്ഥാപിക്കുന്നതിനാണ് മേൽ പദ്ധതി രൂപീകരിച്ചത് എന്നും അറിയിച്ചു. ഗുണഭോക്താക്കൾ സ്വന്തം നിലയിൽ വാട്ടർ മീറ്റർ സ്ഥാപിച്ച് കുടിവെള്ള കണക്ഷൻ എടുക്കണം എന്ന ധാരണ പ്രകാരമാണ് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിന്റെ കുടിവെള്ള വിതരണം ആരംഭിക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കിയാലേ പദ്ധതി പ്രവർത്തനക്ഷമമാകുകയുള്ളൂ. തനത് ഫണ്ട് അടക്കം 418368/-രൂപ ചെലവഴിച്ച പദ്ധതി പ്രയോജനപ്രദമാക്കേണ്ടതുണ്ട്. അതിനുള്ള ഇടപെടലുകൾക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

കുടിവെള്ളവിതരണം പ്രാവർത്തികമാക്കി അറിയിക്കേണ്ടതാണ്.

## 1-22 സ്മാർട്ട് അങ്കണവാടി നിർമ്മാണം പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 228/24, അങ്കണവാടി നിർമ്മാണത്തിന് തുക കൈമാറൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ആകെ അടങ്കൽ | ₹ 2100000/- |
| ആകെ ചെലവ് | ₹ 100000/- (തനത് ഫണ്ട്) |
| വൗച്ചർ നമ്പർ | 22301256/227-3-24 |

പഞ്ചായത്തിലെ പത്താം വാർഡിൽ സ്മാർട്ട് അങ്കണവാടി നിർമ്മാണത്തിനായി പഞ്ചായത്ത് വിഹിതം നല്കുന്നതിന് രൂപീകരിക്കപ്പെട്ടിട്ടുള്ളതാണ് മേൽ പ്രൊജക്റ്റ്. തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് അങ്കണവാടികൾ

നിർമ്മിക്കുന്നതിന് പദ്ധതി മാർഗ്ഗരേഖപ്രകാരമുള്ള നിർദ്ദേശമുള്ളതാണ്. മാറാടി പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ തൊഴിലുറപ്പ് പദ്ധതി വാർഷിക പ്ലാനിൽ 31-01-2024 ലെ 1608007006/2023-24/29509/TS നമ്പർ പ്രകാരം മേൽ അങ്കണവാടി നിർമ്മാണപ്രൊജക്റ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വിഹിതമായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ₹100000/- തനത് ഫണ്ടിൽ നിന്ന് സംസ്ഥാന തൊഴിലുറപ്പ് മിഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക്(A/C No 67283168724, SBI വെള്ളയമ്പലം) 27-3-2023 ൽ ഡയറക്ട് ഡെബിറ്റ് ചെയ്തിട്ടുള്ളതാണ്. അങ്കണവാടി നിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതി ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 7 തീയതി 22-8-2024) നല്കിയിരുന്നു. ടി പ്രൊജക്റ്റ് 5-3-2024 ൽ ടെണ്ടർ നടപടി ആരംഭിച്ചുവെങ്കിലും 16-3-2024 ൽ ഇലക്ഷൻ പ്രഖ്യാപിച്ചതിനാൽ ടെണ്ടർ നടപടികളുമായി മുന്നോട്ട് പോകാൻ സാധിച്ചില്ല എന്ന് മറുപടിയിൽ അറിയിച്ചിരിക്കുന്നു. 2024-25 സാമ്പത്തികവർഷം മുതൽ തൊഴിലുറപ്പ് പദ്ധതികളുടെ ടെണ്ടർ നടപടികൾ ബ്ലോക്ക് തലത്തിലാണ് സ്വീകരിക്കപ്പെടുന്നത് എന്നതിനാൽ പ്രൊജക്റ്റ് ഫയൽ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ് എന്നും 08-08-2024 ൽ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുള്ളതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. അങ്കണവാടി നിർമ്മാണം പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുകയായ ₹ 100000/- തടസ്സപ്പെടുത്തുന്നു.

## 1-23 അങ്കണവാടി മെയിന്റനൻസ് - വനിതാ ശിശുവികസന വകുപ്പിൽ നിന്നും ഗ്രാന്റ് ലഭിച്ചില്ല

വനിതാ ശിശുവികസന ഡയറക്ടറുടെ 06.08.2022ലെ DWCD1141/2022 – ICDS A7 നം.

ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്നതും, നവീകരണം ആവശ്യമുള്ളതുമായ 100 അങ്കണവാടികളുടെ നവീകരണത്തിന് വനിതാ ശിശു വികസന വകുപ്പിൽ നിന്നും ₹1,00,000/- വീതം അനുവദിച്ച് നൽകിയും നിർമ്മാണച്ചുമതല തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയും ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മാറാടി ഗ്രാമപഞ്ചായത്തിലെ ചന്തപ്പാറ (നം. 81), സെൻട്രൽ മാറാടി (നം. 82), മണിയംകല്ല് (നം. 88) എന്നീ അങ്കണവാടികൾക്ക് ₹1,00,000/- വീതം ആകെ 3 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2022-23 വർഷത്തിൽ മേൽ സൂചിപ്പിച്ച മൂന്ന് അങ്കണവാടികളുടേയും നവീകരണം ഗ്രാമപഞ്ചായത്തിന് ലഭിച്ച കേന്ദ്രാവിഷ്കൃത ഫണ്ട് (അങ്കണവാടി-അനുപൂരക പോഷകാഹാരം) വിനിയോഗിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതാണ്. ടി പദ്ധതിയുടെ വാല്യുവേഷൻ പ്രകാരമുള്ള ₹2,81,742/- അനുവദിച്ച് നൽകുന്നതിന് അനുബന്ധ രേഖകൾ ഉൾപ്പെടെ 22/07/2023ലെ എസ്.സി2-3078/2023 നമ്പർ കത്ത് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകിയിരുന്നു. എന്നാൽ നാളിതുവരെ വനിതാ ശിശുവികസന വകുപ്പിൽ നിന്നും അനുവദിച്ച ഗ്രാന്റ് ലഭ്യമായില്ല. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും ചെലവാക്കിയ തുക ബന്ധപ്പെട്ട ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം. | S0038/24 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി, തിരുവാണിയൂർ |
| അടങ്കൽ | 2,00,000/- ( മെയിന്റനൻസ് ഫണ്ട്- റോഡിതരം) |
| ചെലവ് | 2,00,000/- ( മെയിന്റനൻസ് ഫണ്ട്- റോഡിതരം) |
| ബിൽ നം./ തീയതി / തുക | 152 / 23.11.2023 / ₹ 2,00,000/- |
| ബിൽ റഫറൻസ് നം./ തീയതി | 23120252000400830569 / 23.11.2023 |

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, പാതിരപ്പള്ളി എന്ന സ്ഥാപനത്തിന് 23.11.2023 ന് ₹2,00,000/- രൂപ നല്കിയിട്ടുണ്ട്, എന്നാൽ ഓഡിറ്റിനായി സമർപ്പിച്ച ചെലവ് രേഖകളിൽ ആകെ ₹74,876/- യുടെ മരുന്ന് ലഭിച്ചതിന്റെ വിവരങ്ങളാണുള്ളത്. ആയതിനാൽ ബാക്കിയുള്ള ₹1,25,124/- (2,00,000 - 74,876) യുടെ മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.02 തീയതി 19.08.2024) മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്നാണ് മറുപടി ലഭിച്ചത്. പ്രസ്തുത തുകയുടെ മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കുന്നതു വരെ ₹1,25,124/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-25 വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല - ₹ 50175/-തടസ്സപ്പെടുത്തുന്നു.**

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ഐ.കെ.എം.വിഹിതം

കൈമാറൽ എന്ന പ്രൊജക്റ്റിന്റെ ചെലവ് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി(നമ്പർ 6/ 22-8-24) നല്കിയിരുന്നു. എന്നാൽ നിർവ്വഹണ ഏജൻസിയിൽ നിന്ന് ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭിച്ചില്ല.

| പ്രൊജക്റ്റ് നമ്പർ, പേര് | അടങ്കൽ | ചെലവ്തുക | ബിൽനമ്പർ,തീയതി | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 33/24ഐ.കെ.എം. വിഹിതം കൈമാറൽ | ₹50175/- | ₹ 50175/- (പൊതുവിഭാഗം സാധാരണ വിഹിതം) | 7/1-6-23 | ഐ.കെ.എം. |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ചെലവ് തുകയായ ₹50175/- തടസ്സപ്പെടുത്തുന്നു.

## 1-26 റോഡ് പുനരുദ്ധാരണം നടപ്പാക്കിയില്ല

മാറാടി ഗ്രാമപഞ്ചായത്ത് 6-ാം വാർഡിൽ ഉന്നക്കുപ്പത്താഴം വിപിഎച്ച്ആർ ജംഗ്ഷന് സമീപം മണ്ണ് ഖനനം ചെയ്ത് ടോറസ് ലോറികളിൽ കൊണ്ടുപോയി ഗ്രാമപഞ്ചായത്ത് റോഡ് തകർന്നിട്ടുള്ളതിനാൽ റോഡ് സഞ്ചാരയോഗ്യമാക്കുന്നതിന് ബന്ധപ്പെട്ട കക്ഷികളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കണമെന്ന് മാറാടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 8(10)-ാം നമ്പർ തീരുമാന പ്രകാരം നിശ്ചയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ റോഡ് പുനരുദ്ധാരണത്തിന് അസി. എഞ്ചിനീയർ തയ്യാറാക്കിയ ₹3,21,000/-ന്റെ എസ്റ്റിമേറ്റ് 05.01.2023ലെ 4(1)-ാം നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിരുന്നു. ബന്ധപ്പെട്ട ഭൂവുടമയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കി അടുത്ത വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി

റോഡ് പുനരുദ്ധാരണ പ്രവൃത്തി നടപ്പാക്കുവാനും തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സൂരജ് തോമസ് (പഴുക്കാനിയിൽ, മുവാറ്റുപുഴ പി ഒ, മുവാറ്റുപുഴ) എന്ന വ്യക്തിയിൽ നിന്നും രസീത് നം. 1220103321/06.01.23 പ്രകാരം ₹3,21,000/- ഈടാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 10/22.08.24) നിലവിൽ റോഡിന്റെ വീതി 3 മീറ്റർ മാത്രമാണെന്നും റോഡിന്റെ വീതി 6 മീറ്ററാക്കി ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും, അത് പൂർത്തീകരിക്കുന്ന മുറക്ക് ജില്ലാ പഞ്ചായത്തുമായി യോജിച്ച് റോഡിന്റെ മെയിന്റനൻസ് ആരംഭിക്കുമെന്നും അറിയിച്ചിട്ടുണ്ട്. പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കി റോഡ് സഞ്ചാരയോഗ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## <u>1-27 റോഡ് കണക്ടിവിറ്റി മാപ്പിങ്ങ്-പൂർത്തീകരണം</u>

പഞ്ചായത്ത് പരിധിയിലെ റോഡുകൾ, ഡ്രെയിനേജുകൾ, കൾവർട്ടുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള ആസ്തികൾ R-Track മൊബൈൽ ആപ്പ് വഴി ട്രാക്ക് ചെയ്ത് ഡിജിറ്റൽ ഡാറ്റ തയ്യാറാക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി മുൻ വർഷം പ്രോജക്ട് നം.143/23, റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് എന്ന പ്രോജക്ട് വിഭാവനം ചെയ്തിരുന്നു. തൻ വർഷവും പ്രോജക്ട് നം.105/24 പ്രകാരം റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് വിഭാവനം ചെയ്തിട്ടുണ്ട് എങ്കിലും ചെലവ് രേഖപ്പെടുത്തിയതായി കാണുന്നില്ല. റോഡ്

കണക്ടിവിറ്റി 31-10-23 മുമ്പ് മാപ്പ് പൂർത്തിയാക്കേണ്ടതാണ് എന്നും തുടർ വർഷങ്ങളിൽ പഞ്ചായത്തുൾക്കുള്ള റോഡ് മെയിന്റനൻസ് ഫണ്ടുകൾ R-Track റോഡ് ആസ്തികളുടെ വിശദാംശങ്ങളെ അടിസ്ഥാനമാക്കിയായിരിക്കും അനുവദിക്കുക എന്നും പ്രിൻസിപ്പാൾ ഡയറക്ടറേറ്റിൽ നിന്ന് ചീഫ് എഞ്ചിനീയറുടെ DB3/753/Ce/Lide&Ew(part) തീ 26-3-23 സർക്കുലർ പ്രകാരം അറിയിച്ചിട്ടുള്ളതാണ്. ടി പ്രോജക്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലെ അവസ്ഥ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/24-8-24) ലഭ്യമാക്കിയ മറുപടിയിൽ R Track വെബ് ആപ്ലിക്കേഷനിൽ റോഡ് ആസ്തികൾ ഡിജിറ്റൽ രേഖയായി മാറ്റിയിട്ടുള്ളതായും റോഡ് കണക്ടിവിറ്റി മാപ്പ്, മൊബൈൽ ആപ്പ് വഴി മുഴുവൻ വാർഡുകളിലെയും ആസ്തികൾ ട്രാക്ക് ചെയ്ത് ലിസ്റ്റ് എന്നിവ പഞ്ചായത്ത് കമ്മിറ്റിയുടെ അഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതാണ് എന്നും അറിയിച്ചു. പദ്ധതി പൂർത്തീകരണത്തിനായി ഇതുവരെയുള്ള ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം നേടി റോഡ് കണക്ടിവിറ്റി മാപ്പ് പ്രാവർത്തികമാക്കി അറിയിക്കേണ്ടതാണ്.

**<u>1-28 തൊഴിലുറപ്പ് പദ്ധതി- അപാകതകൾ</u>**

തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ ചേർത്തിട്ടുള്ള അപാകതകൾക്ക് വിശദീകരണം ആശ്യപ്പെട്ടുകൊണ്ട് നൽകിയ 22-8-24ലെ ഓഡിറ്റ് എന്ക്വയറി നം 9 ന് താഴെ ചേർത്ത പ്രകാരം മറുപടി ലഭ്യമാക്കി.

1. തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട മെറ്റീരിയലുകൾ

മൊത്തത്തിലായോ ഇനം തിരിച്ചോ കരാർ നൽകുന്നതിനു പകരം ഓരോ പ്രവൃത്തികൾക്കും പ്രത്യേകം പ്രത്യേകം കരാർ നൽകുന്ന രീതിയാണ് തുടരുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.9/22.08.2024) മറുപടിയിൽ, മെറ്റീരിയൽ മൊത്തത്തിൽ നൽകുമ്പോൾ കരാറുകാർ കരാർ എടുക്കുന്നതിന് വിമുഖത കാണിക്കുന്നതായും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നതിനുമാണ് ഓരോ പ്രവൃത്തികൾക്കും പ്രത്യേകം പ്രത്യേകം കരാർ നൽകുന്ന രീതി തുടരുന്നത് എന്ന മറുപടി തൃപ്തികരമല്ല. മെറ്റീരിയൽ ഇനം തിരിച്ചോ, ഒരു വർഷത്തിൽ കുറഞ്ഞ കാലയളവിലേക്കോ( ഉദാഹരണത്തിന്, വർഷത്തിൽ രണ്ടു പ്രാവശ്യം- 6 മാസത്തേയ്ക്ക് ഒരു കരാർ എന്ന രീതിയിൽ) കരാർ നൽകാവുന്നതാണ്. നിലവിൽ എല്ലാ മെറ്റീരിയൽ സപ്ലൈ കരാറുകളും എസ്റ്റിമേറ്റ് നിരക്കിലാണ് കരാറിൽ എർപ്പെടുന്നതായി കാണുന്നത്. മെറ്റീരിയൽ സപ്ലൈ മൊത്തത്തിലോ ഇനം തിരിച്ചോ കരാർ നൽകുന്നത് മത്സരസ്വഭാവമുള്ള നിരക്കുകൾ ലഭ്യമാകുന്നതിന് സഹായകമാകും.

2. മെറ്റീരിയലുകൾ സപ്ലൈ ചെയ്ത കോൺട്രാക്ടർമാർ ലഭ്യമാക്കിയ ഇൻവോയ്സിൽ , ഇൻവോയ്സ് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തിയതായി കാണുന്നില്ല. കരാറുകാർ ലഭ്യമാക്കുന്ന ഇൻവോയ്സുകളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതും യഥാർത്ഥത്തിൽ ജി എസ് ടി വകുപ്പിൽ അപ് ലോഡ് ചെയ്യുന്ന യഥാർത്ഥ ഇൻവോയ്സുകൾ തന്നെയാണ് ഹാജരാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

3. സിറ്റിസൺ ഇൻഫോർമേഷൻ ബോർഡുകൾ സപ്ലൈ ചെയ്ത കരാറുകാരന് തൻവർഷം 2600/-(Size-3x2), 4600/-(Size-4x3) നിരക്കുകളാണ് അനുവദിച്ചത്. എന്നാൽ

മുൻ വർഷം ഇതേ കരാറുകാരനുമായി 2450/-, 3850/- നിരക്കിലും 2024-25 ൽ മറ്റൊരു കരാറുകാരനുമായി 799/-, 1315/- നിരക്കിലുമാണ് കരാറിൽ എർപ്പെട്ടത്. തൻവർത്തെ കരാർ തുക എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവാണ് എങ്കിലും മുൻവർഷത്തേക്കാൾ കൂടുതലുമാണ്. 2024-25 ലെ കരാർ തുകയുമായി താരതമ്യം ചെയ്യുമ്പോൾ തൻ വർഷം നൽകിയ തുക വളരെ കൂടുതലാണ് എന്നും കാണുന്നു. നിരക്ക് സംബന്ധിച്ച് പ്രാദേശികമായി വിവരങ്ങൾ ശേഖരിച്ച് ടെണ്ടർ നടപടികൾ കൂടുതൽ മത്സരസ്വഭാവമുള്ളതാക്കുന്നതിന് തുടർന്നും നടപടി സ്വീകരിക്കാവുന്നതാണ്. കൃത്യമായ ഇൻവോയ്സ് നമ്പർ, തീയതി രേഖപ്പടുത്തിയ ഇൻവോയ്സുകൾ വാങ്ങി സൂക്ഷിക്കുന്നതാണ് എന്നറിയിച്ചു. ടെണ്ടർ നടപടികളിലുടെ എറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയവരുമായാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത് എന്ന് മറുപടിയിൽ അറിയിച്ചു.

ഓഡിറ്റ് നിർദേശങ്ങൾക്ക് തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-29 പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് അധിക വേതനം - പ്രൊജക്റ്റ് സർക്കാർ അനുമതി ഇല്ലാതെ നടപ്പാക്കി

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 30/24, പ്രീ പ്രൈമറി ജീവനക്കാർക്ക് അധിക വേതനം |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്, ഗവൺമെന്റ് യു.പി. സ്കൂൾ |
| ആകെ അടങ്കൽ | ₹ 60000/- |
| ആകെ ചെലവ് | ₹ 15000/- (തനത് ഫണ്ട്) |
| UTR നമ്പർ | SBIN523259144282/19-7-23 |

ഗ്രാമപഞ്ചായത്തിലെ പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് അധിക വേതനം

നൽകുന്നതിനായി തയ്യാറാക്കിയ പദ്ധതി പ്രകാരം 2023-24 വർഷം തനതുഫണ്ടിൽ നിന്നും 15000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 5 പ്രീ പ്രൈമറി അദ്ധ്യാപകർക്ക് 1000 രൂപ നിരക്കിൽ 3 മാസം അധിക വേതനം നൽകുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഈ വിഭാഗം ജീവനക്കാരുടെ നിയമനം നടത്തിയതിന്റെ രേഖകൾ, നിയമനം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചതിന്റെ രേഖ, സ്കൂൾ പ്രീപ്രൈമറി വിഭാഗം ജീവനക്കാരുടെ വേതനം, പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും നൽകാൻ അനുവദിച്ചുള്ള സർക്കാർ ഉത്തരവ് / നിർദ്ദേശം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 4 തീയതി 21-8-2024) നല്കി. 2022-23 വർഷത്തിലെ സമാനപ്രൊജക്റ്റിന് സർക്കാർ അനുമതി ലഭ്യമാക്കണമെന്ന് ഓഡിറ്റ് നിർദ്ദേശം ലഭിച്ച സാഹചര്യത്തിൽ 2023-24 വർഷം സാമ്പത്തിക വർഷത്തിൽ മൂന്ന് മാസം മാത്രമാണ് വേതനം നല്കിയതെന്നും പ്രൊജക്റ്റ് പൂർത്തിയാക്കാതെ നിർത്തിവച്ചിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കി. സംസ്ഥാന വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ അംഗീകാരത്തിനായി രേഖകൾ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി വഴി സമർപ്പിച്ചിട്ടുള്ളതുമാണെന്ന് മറുപടിയിൽ അറിയിച്ചിരിക്കുന്നു. ആയത് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2023-24 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹3,37415/- | ലൈഫ് ഭവന നിർമ്മാണം-എസ്.സി.(S0072/24) | ₹3,37415/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹1,41,000/- | ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ (S0001/24) | ₹1,41,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹4,40,000 | ലൈഫ് ഭവന നിർമ്മാണം- ജനറൽ (S020/24) | ₹4,40,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹2,22,810/- | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S0123/24) | ₹2,22,810/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹15,000/- | വിള ആരോഗ്യപരിപാലന കേന്ദ്രം – സേവനങ്ങൾ വിപുലപ്പെടുത്തൽ (S0009/24) | ₹15,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹1,00,000/- | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് (S0040/24) | ₹1,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹1,65,000/- | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസഹായം (S0026/24) | ₹1,65,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹68,250/- | നെൽകൃഷി വികസന പദ്ധതി (S0006/24) | ₹68,250/- | 0 |
| **ആകെ** | | **₹14,89,475/-** | | **₹14,89,475/-** | **0** |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹4,00,000/- | ലൈഫ് ഭവന നിർമ്മാണം-എസ്.സി.(S0072/24) | ₹4,00,000/- | **0** |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹42,000/- | ഡയാലിസിസ് രോഗികകൾക്ക് ചികിത്സാ സഹായം (S0065/24) | ₹42,000/- | **0** |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹15,000/- | വിള ആരോഗ്യപരിപാലന കേന്ദ്രം – സേവനങ്ങൾ വിപുലപ്പെടുത്തൽ (S0009/24) | ₹15,000/- | **0** |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹1,40,000/- | പട്ടികജാതി വിദ്യാർഥികൾക്ക് പഠനസഹായം (S0026/24) | ₹1,40,000/- | **0** |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹75,000/- | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് (S0040/24) | ₹75,000/- | **0** |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹74,270/- | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് (S0123/24) | ₹74,270/- | **0** |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹1,56,000/- | നെൽകൃഷി വികസന പദ്ധതി (S0006/24) | ₹1,56,000/- | **0** |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹4,00,000/- | ലൈഫ് ഭവന നിർമ്മാണം- ജനറൽ (S020/24) | ₹4,00,000/- | **0** |
| **ആകെ** | | **₹13,02,270/-** | | **₹13,02,270/-** | **0** |

## 4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ചിട്ടുള്ള തുക, ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും, ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| സ്ട്രീറ്റ് മെയിൻ വലിക്കൽ ഒന്നാം വാർഡ് (S0068/24) | 42301221/26.06.2023 42301222/26.06.23 | ₹1,16,302/- | ₹1,16,302/- | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് ഗ്രാമപഞ്ചായത്ത് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി |
|---|---|---|---|---|---|

| | യുള്ള തുക | | | തുക) | | യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് - കെ.യു. ആർ. ഡി.എഫ്.സി. | ₹40,41,867/- | ₹4,40,000 | ₹44,81,867/- | ₹11,87,222 | - | ₹32,94,645 |

<u>തിരിച്ചടവിന്റെ വിവരം</u>

| ജി.ഒ.പ്രോജക്ട് | | തുക |
|---|---|---|
| നമ്പർ | പേര് | |
| S0236/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹2,97,375/- |
| S0230/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹2,97,376/- |
| S0233/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹2,97,376/- |
| S0231/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | ₹98,365/- |
| S0234/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | ₹98,365/- |
| S0237/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | ₹98,365/- |
| **ആകെ** | | ₹11,87,222/- |

S0231/24, S0234/24, S0237/24 എന്നീ ജി. ഒ. പ്രോജക്ടുകൾ പ്രകാരം വികസനഫണ്ടിൽ (എസ് സി പി) നിന്നും കെയുആർഡിഎഫ് രണ്ടാം ഗഡു ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവായി ₹2,95,095/-( 98,365x3) ഉദ്ഭവത്തിൽ കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ, അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം എന്ന ശീർഷകത്തിലാണ് (251170101) ഉത്ഭവത്തിൽ കുറവ് ചെയ്ത തുക അക്കൗണ്ട് ചെയ്തത്. ആയതിനാൽ, B5

ഷെഡ്യൂൾ പ്രകാരം കെ.യു.ആർ.ഡി.എഫ്.സി. ലോണിന്റെ 31.03.2024ലെ തിരിച്ചടക്കാൻ ബാക്കിയുള്ള തുകയിൽ 2,95,095/- വ്യത്യാസമുണ്ട്.

.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക (700000+18107 പലിശ) | ₹7,18,107/- |
| തൻവർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹7,18,107/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം താഴെ കൊടുക്കുന്നു .

| ബാങ്കിന്റെ പേര്, | എഫ് ഡി നം. തിയതി | 31.03.2024 ലെ നീക്കിയിരുപ്പ് തുക |
|---|---|---|
| സൗത്ത് ഇൻഡ്യൻ ബാങ്ക്, മുവാറ്റുപുഴ | 1512030009776/23.01.24 | ₹7,18,107/- |

.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ | രസീത് നമ്പർ, |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | ആളുടെ പേര് | തിയതി |
|---|---|---|---|---|
| 2022-23 | 1-14 | ₹450/- | സൈനത്ത് എ എച്ച് | 1230303541/06.03.24 |
| 2022-23 | 1-14 | ₹4,800/- | ജോണി കുര്യൻ | 1230303560/07.03.24 |
| 2022-23 | 1-14 | ₹180/- | ത്രോസ്യ സേവ്യർ | 1230303613/11-03-2024 |
| 2022-23 | 1-14 | ₹480/- | ഡിറ്റി ജോർജ് | 1230303614/11-03-2024 |
| 2022-23 | 1-14 | ₹480/- | ഷെല്ലി ജോസഫ് | 1230303615/11-03-2024 |
| 2022-23 | 1-14 | ₹120/- | രേഖ സി സോമൻ | 1230303616/11-03-2024 |
| 2022-23 | 1-14 | ₹120/- | സൂസിമോൾ | 1230303617/11-03-2024 |
| 2022-23 | 1-14 | ₹1,800/- | ക്യാപിറ്റൽ ഇംപകസ് മുവാറ്റുപുഴ | 1230303667/13.03.24 |
| 2022-23 | 1-14 | ₹720/- | മണിത്തോട്ടം ഇൻഡസ്ട്രീസ് | 1230303960/19.03.24 |
| 2022-23 | 1-14 | ₹7,500/- | മരിയ ഫ്യൂവൽസ് | 1230304155/23.03.24 |
| 2022-23 | 1-14 | ₹600/- | സി ആർ ട്രേഡേഴ്സ് | 1230304347/27.03.24 |
| 2022-23 | 1-14 | ₹1,200/- | അഞ്ചന ശശി | 1230303355/01.03.24 |
| | **ആകെ** | **₹18,450/-** | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട്

ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത റിപ്പോർട്ട് | | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക | വർഷം | ഖണ്ഡിക | | |
| 2014-15 | 2-1 | 2016-17 | | 14-15 രണ്ടാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | പരാമർശത്തിലെ 6 സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി. കൊശമറ്റം ഫിനാൻസ് ഒഴികെ എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടച്ചിട്ടുണ്ട്. |
| 2014-15 | 2-2 | 2016-17 | | ഇൻഡോർ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ 14-15 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയില്ല | തൊഴിൽ നികുതി 01.01.2018 ലെ 117010102162 -ാം രസീത് പ്രകാരം അടവാക്കിയിട്ടുണ്ട് |

## 4-9 ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം

### (എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | ₹3,05,10,157.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹3,10,51,152.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹2,75,299.00 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 1,00,000.00 | ലിജോ ജോൺ<br>സെക്രട്ടറി |
| 1-24 | 1,25,124.00 | ഡോ. അഞ്ജു വി ഷൈനി<br>മെഡിക്കൽ ഓഫീസർ<br>ഹോമിയോ |
| 1-25 | 50,175.00 | ലിജോ ജോൺ<br>സെക്രട്ടറി |

| ആകെ | ₹2,75,299.00 | |
|---|---|---|

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1. | ലിജോ ജോൺ സെക്രട്ടറി | സെക്രട്ടറി, മാറാടി ഗ്രാമപഞ്ചായത്ത് | തെക്കേക്കളയിൽ ഹൗസ് ബ്രഹ്മമംഗലം പി.ഓ. വൈക്കം, കോട്ടയം – 686605 9496045869 |
| 2. | ഡോ. അഞ്ജു വി ഷൈനി മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ, മാറാടി | അമ്പാട്ട്, കുരീക്കാട് പി ഓ, എറണാകുളം 9447460508 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | കെ.എസ്.എ-ഇ.കെ.എം. (പി.14) 722(iii) /18, 06.07.18 |

| | |
|---|---|
| 1999-00 | കെ.എസ്.എ-ഇ.കെ.എം. (പി.8(4)/691/15, 05.10.15 |
| 2000-01 | എൽ.എഫ്.ഇ.(പി.5)1084, 02.03.06 |
| 2001-02 | എൽ.എഫ്.ഇ.(പി.5)1285/03, 05.07.04 |
| 2001-02 | എൽ.എഫ്.ഇ.(പി.5)1303/06, 06.10.06 |
| 2001-02 | എൽ.എഫ്.ഇ.(പി.5)/09, 15.07.09 |
| 2002-03 | എൽ.എഫ്.ഇ.(പി.5)1304, 06.10.06 |
| 2002-03 | എൽ.എഫ്.ഇ.(പി.5)/09, 04.11.09 |
| 2003-04 | എൽ.എഫ്.ഇ.(പി.5)10/09, 12.03.10 |
| 2006-07 | എൽ.എഫ്.ഇ (പി.5)1774/10, 05.06.12 |
| 2007-08 | കെ.എസ്.എ-ഇ.കെ.എം. (പി.14) 722(vi)18, 06.07.18 |
| 2008-09 & 2009-10 | കെ.എസ്.എ-ഇ.കെ.എം. (പി.14) 722(vii)/18, 06.07.18 |
| 2010-11 & 2011-12 | കെഎസ്എ-ഇ.കെ.എം. (പി.14) 722(viii)/18, 06.07.18 |
| 2012-13 | കെ.എസ്.എ-ഇ.കെ.എം. (പി.14) 722(ix)/18, 06.07.18 |
| 2013-14 | കെ.എസ്.എ-ഇ.കെ.എം. (പി.14) 722(x)/18, 06.07.18 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം. (പി.14) 722(xi)/18, 06.07.18 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം. (പി.14) 722(xii)/18, 06.07.18 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം. (പി.14) 2209/17. 07.05.18 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം. (പി.14) 2317/18, 10.6.19 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം.(പി.14)125/2020, 15.02.2020 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം. (പി.14) 992/21, 13.09.21 |
| 2020-21 | കെ.എസ്.എ-ഇ.കെ.എം. (പി.14) 993/21, 13.09.21 |
| 2021-22 | കെ.എസ്.എ-ഇ.കെ.എം. (പി.14) 299 /23, 17.04.23 |
| 2022-23 | കെ.എസ്.എ-ഇ.കെ.എം. (പി.14) 1509/23, 11.04.24 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 30-05-2024 and submitted on 31-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Marady Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Marady Grama Panchayat as on 31-03-2024

**Date: 04/10/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Marady Grama Panchayat for the Year 2023-2024.

### 1.Major Observations

1) Non inclusion of Notes to Accounts in Financial statements and non disclosure of material facts.

### 2.Other Observations

1) The value of Excess of Income over Expenditure is incorrect.
2) The outstanding balance of KURDFC loan is incorrect.
3) The amount of Advance paid to Kerala Water Authority for deposit works and the value of Utilization Certificate provided do not match.
4) The Journal Vouchers in relation with Property Tax, Advance to Implementing Agencies deposit with

KWA, GO projects are not authentic.

## <u>അനുബന്ധം-2</u>
## <u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

എറണാകുളം ജില്ലയിലെ മാറാടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്